സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനുള്ള
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2024 ഏപ്രിൽ 30 ചൊവ്വ

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

മേയർ–ഡ്രൈവർ തർക്കം: മന്ത്രി ഗണേഷിന്റെ ഇടപെടൽ,

ബസിലെ സിസിടിവി മെമ്മറി കാർഡ് കാണാതായതിൽ അന്വേഷണം

തിരുവനന്തപുരം : മേയർ ആര്യാ രാജേന്ദ്രൻ തടഞ്ഞുനിർത്തിയ കെഎസ്ആർടിസി ബസിലെ സിസിടിവി മെമ്മറി കാർഡ് കാണായത് അന്വേഷിക്കുമെന്ന് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ. കാമറ ഉള്ള നാല് ഫാസ്റ്റ് പാസഞ്ചർ തമ്പാനൂർ ഡിപ്പോയിൽ ഇന്നുണ്ട്. ഇതിൽ ബാക്കി മൂന്ന് ബസുകളിലും മെമ്മറി കാർഡുണ്ട്. വിവാദങ്ങളിലായ ഈ ബസിലെ മെമ്മറി കാർഡ് മാത്രമാണ് കാണാതായത്. അന്വേഷിക്കാൻ കെഎസ്ആർടി എംഡിക്ക് നിർദേശം നൽകിയതായും ഗണേഷ് കുമാർ അറിയിച്ചു.

മേയർ ആര്യ രാജേന്ദ്രനും സച്ചിൻ ദേവ് എംഎൽഎയും തിരുവനന്തപുരത്തെ കെഎസ്ആർടിസി ഡ്രൈവറും തമ്മിലുണ്ടായ തർക്കത്തിലെ യാഥാർത്ഥ്യം പുറത്ത് വരുന്നതിൽ നിർണായക വഴിത്തിരിവാകുമായിരുന്ന സിസിടിവി ദൃശ്യങ്ങളാണ് നഷ്ടപ്പെട്ടത്. ഡ്രൈവർ യദു ഓടിച്ച കെഎസ്ആർടിസി ബസിനുള്ളിൽ സിസിടി ക്യാമറയിൽ ഒരു ദൃശ്യവുമുണ്ടായിരുന്നില്ലെന്ന് പൊലീസ് പരിശോധനയിൽ വ്യക്തമായി. മെമ്മറി കാർഡ് കാണാനില്ലെന്നാണ് ബസ് പരിശോധിച്ച ശേഷം പൊലീസ് വിശദീകരണം. മൂന്ന് ക്യാമറകളാണ് ബസിലുണ്ടായിരുന്നത്. മെമ്മറി കാർഡ് എങ്ങനെ നഷ്ടപ്പെട്ടുവെന്നത് ദുരൂഹമാണ്. മെമ്മറി കാർഡ് മാറ്റിയതായി സംശയിക്കുന്നുവെന്നും പരിശോധിക്കുമെന്നും പൊലീസ് അറിയിച്ചു.

കേസിലെ നിർണായക തെളിവായ ദൃശ്യങ്ങൾ ശേഖരിക്കാൻ ബസ് ഹാജരാക്കണമെന്നാവശ്യപ്പെട്ട് പൊലീസ് കെഎസ്ആർടിസിക്ക് കത്ത് നൽകിയിരുന്നു. തൃശൂരിലേക്ക് ട്രിപ്പ് പോയ ബസ് ഇന്ന് തിരിച്ചെത്തിയ ശേഷമാണ് പരിശോധന നടന്നത്. മേയർ ആരോപിക്കുന്ന് പോലെ ബസ് അമിത വേഗത്തിലായിരുന്നോ, വാഹനങ്ങളെ ഓവർടേക്ക് ചെയ്തിരുന്നോ എന്ന കാര്യത്തിൽ സിസിടിവിയിലെ ദൃശ്യങ്ങൾ നിർണായകമാകുമെന്നായിരുന്നു കരുതിയിരുന്നത്.

എന്നാൽ ദൃശ്യങ്ങൾ കാണാനില്ലെന്നത് ദുരൂഹമാണ്. ബസിലെ യാത്രക്കാരുടെ പട്ടിക കെഎസ്ആർടിസി അധികൃതർ പൊലീസിന് കൈമാറിയിട്ടുണ്ട്. ഇവരുടെ മൊഴി പൊലീസ് രേഖപ്പെടുത്തും.

സുഡാനിൽ എല്ലാ 2 മണിക്കൂറിലും ഓരോ കുഞ്ഞ് വീതം മരിക്കുന്നു, ക്ഷാമം രൂക്ഷം

ഖാർത്തൂം: ആഭ്യന്തര സംഘർഷം രൂക്ഷമായ സുഡാനിൽ ക്ഷാമം പടരുന്നു. വിളകൾ വിമതസേന മോഷ്ടിച്ചതോടെ നടാൻ വാങ്ങിവച്ച വിത്തുകൾ തിന്ന് വിശപ്പടക്കുകയാണ് കർഷകർ. മലേറിയ അടക്കമുള്ള പകർച്ച വ്യാധികളും പോഷകാഹാരക്കുറവും കാരണം എല്ലാ രണ്ടുമണിക്കൂറിലും ഓരോ കുഞ്ഞുവീതം മരിക്കുന്നുവെന്ന് ആരോഗ്യപ്രവർത്തകർ വിശദമാക്കുന്നത്.

ഇലകളും മണ്ണും അടക്കമുള്ളവ ഭക്ഷിച്ച് വിശപ്പ് അടക്കുന്ന ജനങ്ങളേയാണ് സുഡാനിൽ കാണാനുള്ളതെന്നാണ് അന്തർദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. തൊഴിൽ, ഭക്ഷണം എന്നിവ മിക്ക ആളുകൾക്കും ലഭ്യമാകുന്നില്ല. വിളകൾ അടക്കം നഷ്ടമായതോടെ സ്വന്തം സ്ഥലങ്ങൾ ഉപേക്ഷിച്ച് പലായനം ചെയ്യേണ്ട അവസ്ഥയിലാണ് ജനമുള്ളത്. വിവിധ സംഘടനകൾ നൽകുന്ന മരുന്നും ഭക്ഷണവും അടക്കമുള്ളവയും വിമത സേന അപഹരിക്കുകയാണ്.

അന്തർദേശീയ തലത്തിൽ രാജ്യത്തേക്ക് എത്തുന്ന സഹായങ്ങളും വിമതസേന തടയുകയാണ്. പട്ടിണി രാജ്യത്ത് വിഭാഗവ്യത്യാസമില്ലാതെ പിടിമുറുക്കുന്നുവെന്നാണ് റോയിട്ടേഴ്സ് റിപ്പോർട്ട്. വിളകൾ അപഹരിക്കുന്നതിനൊപ്പം കൃഷി ആയുധങ്ങളും വിമത സേന നശിപ്പിക്കുന്നത് കൃഷിയിറക്കാൻ പോലുമാകാത്ത സാഹചര്യം കർഷകർക്ക് സൃഷ്ടിക്കുന്നുണ്ട്. അരിമില്ലുകളും, ഭക്ഷ്യ വസ്തുക്കൾ നിർമ്മിക്കുന്ന ഫാക്ടറികളും അടക്കമുള്ളവയാണ് വിമത സേനയുമായുള്ള സംഘർത്തിൽ നശിപ്പിക്കപ്പെട്ടത്.

വിമത സേനയുടെ അധീനതയിലുള്ള മേഖലകളിൽ സഹായമെത്തിക്കാൻ സുഡാൻ സേന അനുവദിക്കാത്തതും വെല്ലുവിളിയാണ്. ഭക്ഷണത്തെ വരെ യുദ്ധത്തിനുള്ള ഉപകരണമായി മാറ്റുന്ന കാഴ്ചയാണ് സുഡാനിലുള്ളത്. കഴിഞ്ഞ വർഷം ഏപ്രിലിലാണ് സുഡാനിൽ സൈന്യവും അർധസൈനിക വിഭാഗവും തമ്മിൽ ഏറ്റുമുട്ടൽ രൂക്ഷമായത്.

കരിങ്കൽ ക്വാറിയിൽ സ്ഫോടനം; 4 തൊഴിലാളികൾ മരിച്ചു

ചെന്നൈ: തമിഴ്നാട്ടിൽ കരിങ്കൽ ക്വാറിയിൽ ഉണ്ടായ സ്ഫോടനത്തിൽ 4 തൊഴിലാളികൾക്ക് ദാരുണാന്ത്യം. 8 പേർക്ക് ഗുരുതരമായി പരിക്കേറ്റു. വിരുദുനഗർ ജില്ലയിലെ കരിയപെട്ടിയിലാണ് അപകടം. വെടിമരുന്ന് സൂക്ഷിച്ചിരുന്ന ഗോഡൗണിലാണ് സ്ഫോടനം ഉണ്ടായത്. സ്ഫോടനത്തെ തുടർന്ന് ഗോഡൗണിനു സമീപം നിർത്തിയിട്ടിരുന്ന രണ്ട് ലോറികൾ കത്തിനശിച്ചു. സമീപത്തെ ഇരുപതോളം വീടുകൾക്കും കേടുപാട് സംഭവിച്ചിട്ടുണ്ട്. അപകടത്തിനു പിന്നാലെ പ്രദേശവാസികൾ റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു. ക്വാറിക്ക് ലൈസൻസ് ഉണ്ടായിരുന്നെന്നും എന്നാൽ അനുവദനീയം ആയതിലും കൂടുതൽ അളവിൽ സ്ഫോടകവസ്തുക്കൾ സൂക്ഷിച്ചിരുന്നോ എന്ന് സംശയിക്കുന്നതായും ജില്ലാ കളക്ടർ പറഞ്ഞു.

രണ്ട് മുൻ എം.എൽ.എമാർ കൂടി പാർട്ടി വിട്ടു; ഡൽഹി കോൺഗ്രസിൽ പ്രതിസന്ധി രൂക്ഷം

ഡൽഹി: ഡൽഹി കോൺഗ്രസിലെ പ്രതിസന്ധി രൂക്ഷമാകുന്നു. പി.സി.സി അധ്യക്ഷൻ അരവിന്ദറിൻറെ രാജിക്ക് പിന്നാലെ രണ്ട് മുൻ എം.എൽ.എമാർ കൂടി പാർട്ടി വിട്ടു. എഎപിയുമായുള്ള സഖ്യത്തിൽ പ്രതിഷേധിച്ചാണ് രാജിയെന്ന് ഇരുവരും പറഞ്ഞു.

അരവിന്ദറിനു പിന്തുണ അറിയിച്ചു കൂടുതൽ നേതാക്കൾ രംഗത്തെത്തുന്നതിലൂടെ ഡൽഹി കോൺഗ്രസിലെ അതൃപ്തി മറനീക്കി പുറത്തുവരികയാണ്. മുൻ എം.എൽ.എമാരായ നീരജ് ബസോയയും നസീബ് സിങ്ങുമാണ് പാർട്ടി അംഗത്വം രാജിവച്ചത്. കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ ആം ആദ്മി പാർട്ടി നേതാക്കൾക്കെതിരെ നിരവധി അഴിമതി ആരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. എപിയുടെ പ്രമുഖ നേതാക്കൾ ഇപ്പോൾ ജയിലിലാണ്. അഴിമതി ആരോപണങ്ങളിൽ മുങ്ങി നിൽക്കുന്ന പാർട്ടിയുമായി സഖ്യം ഉണ്ടാക്കിയതിൽ താൽപര്യമില്ലെന്ന് നേതാക്കൾ രാജിക്കത്തിൽ വ്യക്തമാക്കുന്നു. ഇത് അപമാനകരമാണെന്നും നേതാക്കൾ ആരോപിക്കുന്നു.അതേസമയം ഡൽഹിയുടെ ചുമതലയുള്ള എ.ഐ.സി.സി ജനറൽ സെക്രട്ടറി ദീപക് ബാബറിയയുമായുള്ള തർക്കമാണ് അരവിന്ദർ സിങ് ലൗലിയുടെ രാജിയിലേക്ക് നയിച്ചത്. ലൗലിക്ക് പിന്തുണ അറിയിച്ചുകൊണ്ട് കൂടുതൽ പ്രാദേശിക കോൺഗ്രസ് നേതാക്കൾ രംഗത്ത് വരുന്നുണ്ട്. പ്രശ്ന പരിഹാരത്തിനായി കെ.സി വേണുഗോപാലിനെ ചുമതലപ്പെടുത്തിയെങ്കിലും കൂടുതൽ നേതാക്കളുടെ കൊഴിഞ്ഞുപോക്ക് നേതൃത്വത്തെ വലക്കുകയാണ്. ആറാംഘട്ടത്തിലാണ് ഡൽഹിയിലെ ഏഴു സീറ്റുകളിൽ വോട്ടെടുപ്പ് നടക്കുന്നത്.

എ വിജയരാഘവന് അഭിവാദ്യവുമായി ഫ്ലക്സ് ബോർഡ്

പാലക്കാട്: തെരഞ്ഞെടുപ്പ് ഫലം വരുന്നതിനു മുമ്പേ, പാലക്കാട്ടെ സിപിഎം സ്ഥാനാർത്ഥി എ വിജയരാഘവനെ 'നിയുക്ത എംപി'യാക്കി അഭിവാദ്യമർപ്പിച്ച് ഫ്ലക്സ് ബോർഡ്. പാലക്കാട് എടത്തനാട്ടുകര പൊൻപാറയിലാണ് വിജയരാഘവന് അഭിവാദ്യവുമായി സിപിഎം പ്രവർത്തകർ ഫ്ലക്സ് ബോർഡ് വെച്ചത്.

പൊൻപാറ ബൂത്ത് രണ്ട്, മൂന്ന് കമ്മിറ്റികളുടെ നേതൃത്വത്തിലാണ് എ വിജയരാഘവൻറെ ഫ്ലക്സ് സ്ഥാപിച്ചത്. ഫലപ്രഖ്യാപനത്തിന് മുമ്പ് അത്തരത്തിൽ ബോർഡ് വെക്കാൻ നിർദേശം നൽകിയിട്ടില്ലെന്നാണ് സിപിഎം നേതൃത്വം വ്യക്തമാക്കിയത്. പ്രവർത്തകരുടെ ആവേശംകൊണ്ട് ചെയ്തതാണെന്നും നേതൃത്വം വിശദീകരിക്കുന്നു.പാലക്കാട് സിറ്റിങ്ങ് എംപി കോൺഗ്രസിന്റെ വി കെ ശ്രീകണ്ഠനാണ് എ വിജയരാഘവന്റെ എതിരാളി.

ഫലസ്തീൻ അനുകൂല സമരം; വിദ്യാർഥികൾക്കെതിരെ നടപടിയുമായി യുഎസ്

ന്യൂയോർക്ക്: യു.എസ് കാമ്പസുകളിൽ ഫലസ്തീൻ അനുകൂല സമരം ശക്തിയാർജ്ജിച്ചതിന് പിന്നാലെ വിദ്യാർത്ഥികളിൽ നിരവധി പേരെ അറസ്റ്റ് ചെയ്ത് പൊലീസ്. വാർത്താ ഏജൻസിയായ എ.പിയാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. കൊളംബിയ യൂനിവേഴ്സിറ്റിയിലെ വിദ്യാർഥികളെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്. ഇസ്രായേൽ വിരുദ്ധ സമരവുമായി തെരുവിലറങ്ങിയ പ്രതിഷേധക്കാരുടെ എണ്ണം വർധിക്കുകയും സമരം കൂടുതൽ കരുത്താർജ്ജിക്കുകയും ചെയ്തതോടെയാണ് നടപടിയെടുക്കാൻ പൊലീസിന് അധികൃതർ നിർദേശം നൽകിയത്.

ഫലസ്തീൻ അനുകൂല സമരത്തിന് നേതൃത്വം നൽകിയതിന്റെ പേരിൽ വിവിധ സർവകലാശാലകളിലെ വിദ്യാർഥികളെ പുറത്താക്കിയതോടെയാണ് പ്രതിഷധം ശക്തമായത്. ഫലസ്തീനിലെ വംശഹത്യക്കെതിരെ അമേരിക്കയിലെ കാമ്പസുകളിൽ തമ്പ് കെട്ടി സമരം നടത്തുന്ന തൊള്ളായിരത്തിലധികം വിദ്യാർഥികളെ അമേരിക്കൻ പൊലീസ് തുറുങ്കിലടച്ചതായി അന്തർദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

കഴിഞ്ഞ വർഷം ഗസയിൽ ഇസ്രായേൽ നടത്തിയ മാരകമായ ആക്രമണത്തിന്റെ വെളിച്ചത്തിലാണ് പ്രതിഷേധം ആരംഭിച്ചത്. പ്രാദേശിക ആരോഗ്യ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച്, ഗസ മുനമ്പിൽ 34,000 ഫലസ്തീനികളെ ഇസ്രായേൽ കൊലപ്പെടുത്തിയതായി വാർത്താ ഏജൻസി എപി റിപ്പോർട്ട് ചെയ്തു.

യുദ്ധത്തിന് എല്ലാവിധ രഹസ്യ പരസ്യ പിന്തുണകളും അമേരിക്ക അവസാനിപ്പിക്കണമെന്നാണ് പ്രതിഷധക്കാരുടെ പ്രധാനപ്പെട്ട ആവശ്യം. ഇസ്രായേലുമായി വ്യാപാര ബന്ധമുള്ള കമ്പനികളുമായി ഇടപാടുകൾ അവസാനിപ്പിക്കണമെന്നും ഇസ്രായേലിൽ നിന്ന് യൂണിവേഴ്സിറ്റികൾ സ്വീകരിക്കുന്ന ഫണ്ട് വിവരങ്ങൾ സുതാര്യമാക്കണമെന്നും വിദ്യാർഥികൾ ആവശ്യപ്പെടുന്നു. പ്രസ്തുത നയനിലപാടുകളിൽ നിന്ന് പിന്മാറുന്നത് വരെ സമര മുഖത്ത് സജീവമാവുമെന്നാണ് വിദ്യാർഥികൾ അറിയിക്കുന്നത്. പകുതിവഴിയിൽ പിന്മാറാൻ ഞങ്ങൾ ഒരുക്കമല്ല എന്നാണ് വിദ്യാർഥികളുടെ പക്ഷം.

ഫലസ്തീൻ അനുകൂല പ്രക്ഷോഭകരെ പിരിച്ചുവിടാൻ ന്യൂയോർക്ക് സിറ്റി പോലീസ് ഉദ്യോഗസ്ഥർ കൊളംബിയ യൂണിവേഴ്സിറ്റി ഗ്രൗണ്ടിലേക്ക് പ്രവേശിക്കുകയും ചില പ്രകടനക്കാരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു. ഇത് സർവ്വകലാശാലയിലെ സംഘർഷാവസ്ഥ കൂടുതൽ സങ്കീർണമാക്കി.

യുഎസിലെ യൂണിവേഴ്സിറ്റി കാമ്പസുകളിലുടനീളമുള്ള ഫലസ്തീൻ അനുകൂല പ്രതിഷേധങ്ങൾ പിരിച്ചുവിടാനും തകർക്കാനും എടുത്ത 'കടുത്ത നടപടികളിൽ' യുഎൻ മനുഷ്യാവകാശ ഹൈക്കമ്മീഷണർ വോൾക്കർ ടർക്ക് ആശങ്ക പ്രകടിപ്പിച്ചു. അഭിപ്രായസ്വാതന്ത്ര്യവും സമാധാനപരമായി ഒത്തുചേരാനുള്ള അവകാശവും സമൂഹത്തിന് മൗലികമാണ്, പ്രത്യേകിച്ചും അധിനിവേശ ഫലസ്തീൻ പ്രദേശത്തും ഇസ്രയേലിലും സംഘർഷം നിലനിൽക്കുന്നത് പോലെ പ്രധാന വിഷയങ്ങളിൽ കടുത്ത വിയോജിപ്പുണ്ടെങ്കിൽ, "യുഎൻ മനുഷ്യാവകാശ ഹൈക്കമ്മീഷണർ വോൾക്കർ ടർക്ക് പറഞ്ഞു.

പ്രതിഷേധങ്ങളെ നിയന്ത്രിക്കുന്നതിന് യൂണിവേഴ്സിറ്റി അധികാരികളും നിയമപാലകരും കൈക്കൊള്ളുന്ന നടപടികൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതുണ്ടെന്നും തുർക്ക് പറഞ്ഞു.

വാണിജ്യ സിലിണ്ടർ വില 19 രൂപ കുറച്ചു; ഗാർഹികാവശ്യ സിലിണ്ടർ വിലയിൽ മാറ്റമില്ല

തിരുവനന്തപുരം: രാജ്യത്ത് പാചക വാതക സിലിണ്ടറിന് വില കുറച്ചു. വാണിജ്യ സിലിണ്ടറിന്റെ വില 19 രൂപ കുറച്ചു. വാണിജ്യ സിലിണ്ടറിന് ചെന്നൈയിൽ വില 1911 രൂപ ആയിട്ടുണ്ട്. കഴിഞ്ഞ മാസം 31.50 രൂപ കുറച്ചിരുന്നു. അതേ സമയം ഗാർഹികാവശ്യ സിലിണ്ടറിന്റെ വിലയിൽ മാറ്റമില്ല. ഫെബ്രുവരിയിലും മാർച്ചിലുമായി ഗാർഹികാവശ്യ സിലിണ്ടറിന്റെ വില 42 രൂപ കൂട്ടിയിരുന്നു.

ദില്ലിയിലെ സ്കൂളുകൾക്ക് നേരെ ബോംബ് ഭീഷണി, കുട്ടികളെ ഒഴിപ്പിച്ചു

ദില്ലി: ദില്ലിയിലെ മൂന്ന് സ്കൂളുകൾക്ക് നേരെ ബോംബ് ഭീഷണി. സംഭവത്തെ തുടർന്ന് സ്കൂളുകൾ ബോംബ് സ്ക്വാഡ് ഒഴിപ്പിച്ച് പരിശോധന തുടങ്ങി. ചാണക്യപുരിയിലെ സംസ്കൃത സ്കൂൾ, മയൂർ വിഹാറിലെ മദർ മേരി സ്കൂൾ, ദ്വാരകയിലെ ദില്ലി പബ്ലിക് സ്കൂൾ എന്നിവിടങ്ങളിലേക്കാണ് ഇ മെയിൽ സന്ദേശം വഴി ബോംബ് ഭീഷണി എത്തിയത്. സ്കൂളുകളിൽ നിരവധി ബോംബുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് മെയിലിൽ പറയുന്നു. ഭീഷണിയെ തുടർന്ന് അധികൃതരെത്തി ഒഴിപ്പിക്കുകയും ബോംബ് ഡിറ്റക്ഷൻ, ബോംബ് ഡിസ്പോസൽ ടീമുകൾ പരിശോധന തുടങ്ങി. ഇതുവരെ സംശയാസ്പദമായ വസ്തുക്കളൊന്നും കണ്ടെത്തിയിട്ടില്ല. ഫെബ്രുവരിയിൽ ആർകെ പുരത്തെ സ്കൂളിലും സമാനമായ ബോംബ് ഭീഷണിയുണ്ടായിരുന്നു.

മുസ്ലീങ്ങൾക്ക് മാത്രമാണോ കൂടുതൽ കുട്ടികളുള്ളത്?, എനിക്ക് അഞ്ച് മക്കളുണ്ട്; മോദിയോട് മറുചോദ്യവുമായി ഖാർഗെ

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷമായ ഇന്ത്യാ മുന്നണി ഭൂരിപക്ഷത്തിലേക്ക് നീങ്ങുന്നതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നിരാശനാണെന്നും അതുകൊണ്ടാണ് അദ്ദേഹം മം?ഗല്യ സൂത്രത്തെയും മുസ്ലീങ്ങളെക്കുറിച്ചും സംസാരിക്കുന്നതെന്നും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. ഛത്തീസ്ഗഢിലെ ജൻജ്ഗിർ-ചമ്പ ജില്ലയിൽ തെരഞ്ഞെടുപ്പ് റാലിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിങ്ങളുടെ സ്വത്ത് ഞങ്ങൾ കൈക്കലാക്കുമെന്നാണ് മോദി പറയുന്നത്. മാത്രമല്ല കോൺഗ്രസ് അധികാരത്തിലെത്തിയാൽ രാജ്യത്തെ വിഭവങ്ങൾ എല്ലാം മുസ്ലീങ്ങൾക്ക് വീതിച്ചു നൽകുമെന്നാണ് അദ്ദേഹം പറയുന്നത്. കൂടുതൽ കുട്ടികളുള്ളവർക്കാണ് സ്വത്തുകൾ നൽകുന്നതെന്നും അദ്ദേഹം പറയുന്നു. എന്നാൽ രാജ്യത്ത് മുസ്ലീങ്ങൾക്ക് മാത്രമാണോ കൂടുതൽ കുട്ടികളുള്ളത്. എന്നിട്ടും മോദി എന്തുകൊണ്ടാണ് മുസ്ലീങ്ങളെക്കുറിച്ച് മാത്രം സംസാരിക്കുന്നത്. ദരിദ്രരായ എല്ലാവർക്കും കൂടുതൽ കുട്ടികൾ ഉണ്ട്. എനിക്ക് അഞ്ച് കുട്ടികളാണുള്ളതെന്നും മല്ലികാർജുൻ ഖാർഗെ പറഞ്ഞു.

55 വർഷം കോൺഗ്രസ് രാജ്യം ഭരിച്ചു. എന്നാൽ ആരുടെയെങ്കിലും മംഗല്യസൂത്രം തട്ടിയെടുത്തോ എന്നും ഖാർഗെ ചോദിച്ചു. കോൺഗ്രസ് അധികാരത്തിലെത്തിയാൽ ജനങ്ങളുടെ സമ്പത്ത് കൂടുതൽ കുട്ടികളുള്ളവർക്കും നുഴഞ്ഞുകയറ്റക്കാർക്കും പുനർവിതരണം ചെയ്യുമെന്ന് കഴിഞ്ഞ മാസം രാജസ്ഥാനിലെ ഒരു തെരഞ്ഞെടുപ്പ് റാലിയിൽ പ്രധാനമന്ത്രി മോദി പറഞ്ഞിരുന്നു.

അമ്മമാരുടേയും സഹോദരിമാരുടേയും സ്വർണവും താലിയുമെല്ലാം കോൺഗ്രസ് കൈക്കലാക്കുമെന്നും മോദി പറഞ്ഞിരുന്നു.

സംസ്ഥാനം ലോഡ് ഷെഡിങ്ങിലേക്കോ; നാളെ ഉന്നതതല യോഗം ചേരും

തിരുവനന്തപുരം: വൈദ്യുതി ഉപയോഗം ക്രമാതീതമായി ഉയർന്നതിനാൽ ലോഡ് ഷെഡിങ് ഏർപ്പെടുത്തുന്നതടക്കം ചർച്ചചെയ്യാൻ നാളെ ഉന്നതതല യോഗം ചേരും. ചില ഇടങ്ങളിലെ അപ്രഖ്യാപിത ലോഡ്ഷെഡിങ്ങിന് കാരണം സാങ്കേതിക പ്രശ്നമെന്ന് കെ.എസ്ഇ.ബി വിശദീകരിച്ചു. ജീവനക്കാരെ ശത്രുക്കളായി കാണരുതെന്നും കെഎസ്ഇ.ബി പറഞ്ഞു.

പകലും രാത്രിയും ഒരുപോലെ ചൂട് അനുഭവപ്പെടുന്നതിനാൽ വൈദ്യുതി തടസ്സമുണ്ടായാൽ ജനം നേരെ എത്തുക കെഎസ്ഇബി ഓഫീസിലേക്കാണ്. പ്രതിഷേധവും സംഘർഷവും വർധിച്ചതോടെ വിശദീകരണവുമായി കെ.എസ്ഇ.ബി ഇപ്പോൾ രംഗത്തെത്തിയിരിക്കുകയാണ്. നേരത്തെ വൈദ്യുതി ആവശ്യകത കണക്കാക്കിയിരുന്നത് രാത്രി 7 മണിക്കും 10നുമിടയിലായിരുന്നു. ഈ സാഹചര്യം മാറി ഇപ്പോൾ രാത്രി 10.30നാണ് ഏറ്റവും ഉയർന്ന ആവശ്യകത. ഇന്നലെ 5717 മെഗാവാട്ട് വരെ ഉയർന്നു. വേനലിൽ പരമാവധി 5500 മെഗാവാട്ട് വരെയേ ഏറ്റവും ഉയർന്ന ആവശ്യകത വേണ്ടി വരൂ എന്നായിരുന്നു അനുമാനം. 5800 മെഗാവാട്ട് വരെ താങ്ങാനാവുന്ന സംവിധാനമേ കെഎസ്ഇബിക്കുള്ളൂ. അതിന് മുകളിലേക്ക് പോയാൽ ഗുരുതര പ്രതിസന്ധിയുണ്ടാകും.

ഏറ്റവും ഉയർന്ന ആവശ്യകത കാരണം അമിത ലോഡ് പ്രവഹിക്കുമ്പോൾ ട്രാൻസ്ഫോമറുകൾ ട്രിപ്പാകും. ഇതാണ് വൈദ്യുതി തടസ്സത്തിന് കാരണം. കേന്ദ്രപൂളിൽ വൈദ്യുതി കിട്ടാത്ത അവസ്ഥയുമുണ്ട്. എ.സിയുടെ കനത്ത ഉപയോഗമാണ് കെഎസ്ഇബിയെ വെട്ടിലാക്കുന്നത്. കഴിഞ്ഞ ദിവസം അവലോകന യോഗം ചേർന്നിരുന്നു. സോളാർ സ്ഥാപിച്ചവരാണ് കൂടുതലായി എസി ഉപയോഗിക്കുന്നതെന്നാണ് നിഗമനം.

വ്യാഴാഴ്ച വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടിയുടെ അധ്യക്ഷതയിലാണ് ഉന്നതതലയോഗം നടക്കുക. മഴ തുടങ്ങഇയാൽ പ്രതിസന്ധിക്ക് അയവു വരും. ലോഡ് ഷെഡിങ് ഒഴിവാക്കി അതുവരെ കാത്തിരിക്കാനാകുമോ എന്നതാണ് ബോർഡിന് മുന്നിലെ പ്രശ്നം.

ട്രാൻസ്ഫോമറുകളും ഫീഡർ ലൈനുകളും നവീകരിക്കാനുള്ള 4000 കോടി രൂപയുടെ ദ്യുതി പദ്ധതി രണ്ടുവർഷം മുമ്പ് നിർത്തിവച്ചിരിക്കുകയാണ്.ഇതാണ് ട്രാൻസ്ഫോമറുകൾ കേടാകാൻ കാരണമെന്ന് പറയുന്നു. സാമ്പത്തിക പ്രതിസന്ധി കാരണമാണ് ദ്യുതി പദ്ധതി നിർത്തിവച്ചത്.

വെള്ളാപ്പള്ളിക്ക് ക്ലീൻ ചിറ്റ് നൽകിയ വിജിലൻസിന് തിരിച്ചടി; കേസിൽ തുടരന്വേഷണത്തിന് ഉത്തരവ്

തിരുവനന്തപുരം: മൈക്രോ ഫിനാൻസ് കേസിൽ വെള്ളാപ്പള്ളി നടേശന് ക്ലീൻ ചിറ്റ് നൽകിയ വിജിലൻസിന് തിരിച്ചടി. മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദന്റെ ആക്ഷേപ ഹരജി പരിഗണിച്ച തിരുവനന്തപുരം പ്രത്യേക വിജിലൻസ് കോടതി കേസിൽ തുടരന്വേഷണത്തിന് ഉത്തരവിട്ടു. അന്വേഷണം പൂർത്തിയാക്കി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് കോടതി വിജിലൻസിന് നൽകിയ നിർദേശം.

സാമ്പത്തികനഷ്ടം സംഭവിച്ചിട്ടില്ല എന്ന് ചൂണ്ടിക്കാട്ടി വിജിലൻസ് നേരത്തെ കേസന്വേഷണം അവസാനിപ്പിച്ചിരുന്നു. ഇതേത്തുടർന്ന് കോടതി കേസിലെ പരാതിക്കാരനായ വി.എസ് അച്യുതാനന്ദന് നോട്ടീസ് നൽകി. തുടർന്നാണ് വി.എസിന് വേണ്ടി മകൻ അരുൺകുമാർ കോടതിയിൽ ആക്ഷേപ ഹരജി സമർപ്പിച്ചത്. ഇതാണ് ഇന്നലെ കോടതി അംഗീകരിച്ചത്.

എസ്.എൻ.ഡി.പി യൂണിയൻ ശാഖകൾ വഴി നടത്തിയ മൈക്രോ ഫിനാൻസ് തട്ടിപ്പിൽ 15 കോടിയിലധികം രൂപയുടെ ക്രമക്കേട് നടന്നുവെന്നായിരുന്നു വി.എസിന്റെ പരാതി. പിന്നോക്ക ക്ഷേമ കോർപ്പറേഷനിൽ നിന്നെടുത്ത വായ്പ വലിയ പലിശ നിരക്കിൽ താഴേക്ക് നൽകി തട്ടിപ്പ് നടത്തിയെന്നും പരാതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. പ്രാഥമികാന്വേഷണം നടത്തി ക്രമക്കേട് കണ്ടെത്തിയ വിജിലൻസ് വെള്ളാപ്പള്ളിയെ ഒന്നാം പ്രതിയാക്കി കേസെടുത്തു. സംസ്ഥാനത്തുടനീളം 124 കേസുകളാണ് വിജിലൻസ് അന്വേഷിച്ചത്. ഹൈക്കോടതി നിർദേശ പ്രകാരം എറണാകുളം റെയ്ഞ്ച് എസ്.പി ഹിമേന്ദ്രനാഥാണ് അന്വേഷണങ്ങൾ ഏകോപിച്ചത്. എന്നാൽ പിന്നീട് മൈക്രോ ഫിനാൻസ് വായ്പകളായി നൽകിയ പണം സർക്കാരിലേക്ക് തിരികെ അടച്ചുവെന്നും താഴേത്തട്ടിലേക്ക് പണം നൽകിയതിൽ ക്രമക്കേട് കണ്ടെത്താനായിട്ടില്ലെന്നും വിജിലൻസ് കണ്ടെത്തി. ഈ നിലപാടിനാണ് കോടതിയിൽ നിന്ന് തിരിച്ചടി നേരിട്ടത്.

മൈക്രോ ഫിനാൻസ് നടത്തിപ്പിന്റെ കോ-ഓർഡിനേറ്ററായിരുന്ന മഹേശൻ അന്വേഷണത്തിനിടെ ആത്മഹത്യ ചെയ്തിരുന്നു. തുടർന്ന് സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെടുത്തി ആത്മഹത്യക്ക് പിന്നിൽ വെള്ളാപ്പള്ളിക്കും തുഷാറിനുമെതിരെ ആക്ഷേപമുയർന്നു. ഈ ആത്മഹത്യാ കേസ് ഇപ്പോൾ ക്രൈം ബ്രാഞ്ച് അന്വേഷിക്കുകയാണ്.

നവകേരള ബസ് ഇനി ഗരുഡപ്രീമിയം; കോഴിക്കോട്–ബെംഗളൂരു യാത്രയ്ക്ക് 1117 രൂപ

കോഴിക്കോട്: മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും നവ കേരള സദസ്സിനു വേണ്ടി ഉപയോഗിച്ച ബസ് പൊതുജനങ്ങൾക്കു വേണ്ടി മെയ് അഞ്ചു മുതൽ ഓടിത്തുടങ്ങും. ഗരുഡ പ്രീമിയം എന്ന പേരിൽ കോഴിക്കോട്–ബെംഗളൂരു റൂട്ടിലാണ് സർവീസ് നടത്തുക. ടിക്കറ്റിന് 1117 രൂപയും അഞ്ച് ശതമാനം ആഡംബര നികുതിയുമാണ് ഈടാക്കുക. ആധുനിക രീതിയിലുള്ള എയർകണ്ടീഷൻ ചെയ്ത ബസ്സിൽ 26 പുഷ് ബാക്ക് സീറ്റുകളാണ് ഉള്ളത്. ഫുട് ബോർഡ് ഉപയോഗിക്കാൻ കഴിയാത്തവരായ ഭിന്നശേഷിക്കാർ, മുതിർന്ന പൗരൻമാർ തുടങ്ങിയവർക്ക് മാത്രം ബസ്സിനുള്ളിൽ കയറാനായി പ്രത്യേകം തയ്യാറാക്കിയ യാത്രക്കാർക്ക് തന്നെ ഓപറേറ്റ് ചെയ്യാവുന്ന തരത്തിലുള്ള ഹൈഡ്രോളിക് ലിഫ്റ്റ് ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് യൂറിനലിനായി ശുചിമുറി, വാഷ് ബേസിൻ തുടങ്ങിയ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. യാത്രക്കിടയിൽ വിനോദത്തിനായി ടെലിവിഷനും മ്യൂസിക് സിസ്റ്റവും മൊബൈൽ ചാർജർ സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. യാത്രക്കാർക്ക് ആവശ്യാനുസരണം അവരുടെ ലഗേജ് സൂക്ഷിക്കാനുള്ള സ്ഥലവും സൗകര്യവും ബസ്സിലുണ്ടാവും. രാവിലെ 04.00ന് കോഴിക്കോടു നിന്നു യാത്രതിരിച്ച് കൽപ്പറ്റ, സുൽത്താൻ ബത്തേരി, ഗുണ്ടൽപ്പേട്ട്, മൈസൂർ, മാണ്ട്യ വഴി 11.35ന് ബെംഗളൂരു എത്തിച്ചേരുകയും ഉച്ചയ്ക്ക് 2.30ന് ബെംഗളൂരവിൽ നിന്ന് തിരിച്ച് ഇതേ റൂട്ടിലൂടെ രാത്രി 10.05 ന് കോഴിക്കോട് എത്തിച്ചേരുന്ന രീതിയിലാണ് സർവീസ് ക്രമീകരിച്ചിട്ടുള്ളത്. ഓൺലൈൻ റിസർവേഷൻ സൗകര്യമുള്ള ബസിൽ കോഴിക്കോട്, കൽപ്പറ്റ, സുൽത്താൻ ബത്തേരി, മൈസൂർ, ബെംഗളൂരു(സാറ്റലറ്റ്, ശാന്തിനഗർ) എന്നിവയാണ് സ്റ്റോപ്പുകൾ. സർവീസിന് 1171 രൂപയാണ് സെസ് അടക്കമുള്ള ടിക്കറ്റ് നിരക്ക്. എസി ബസ്സുകൾക്കുള്ള അഞ്ചു ശതമാനം ലക്ഷ്വറി ടാക്സും നൽകണം. 2024 മെയ് ഒന്നിന് വൈകീട്ട് 6.30ന് ബസ് തിരുവനന്തപുരത്ത് നിന്നു കോഴിക്കോട്ടേക്ക് സർവീസായി പോവും. ഈ ട്രിപ്പിൽ ടിക്കറ്റ് എടുത്ത് പരമാവധി ആളുകൾക്ക് യാത്രചെയ്യാമെന്നും കെഎസ് ആർടിസി അറിയിച്ചു.

ദേശീയപാതാ അതോറിറ്റിയുടെ ബെസ്റ്റ് പെർഫോർമർ പുരസ്കാരം അതോറിറ്റി ചെയർമാൻ സന്തോഷ് കുമാർ യാദവ് സൊസൈറ്റി ചെയർമാൻ രമേശൻ പാലേരിക്ക് സമ്മാനിക്കുന്നു

ഊരാളുങ്കൽ സൊസൈറ്റിക്ക് 'ബെസ്റ്റ് പെർഫോമർ പുരസ്ക്കാരം'

അംഗീകാരം തലപ്പാടി ചെങ്കള റോഡിന്റെ നിർമ്മാണത്തിന്

മികച്ച പ്രകടനം കാഴ്ചവച്ചതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ദേശീയപാതാ അതോറിറ്റിയുടെ അംഗീകാരം.

ബെസ്റ്റ് പെർഫോർമർ പുരസ്കാരം അതോറിറ്റി ചെയർമാൻ സന്തോഷ് കുമാർ യാദവ് ഊരാളുങ്കൽ സൊസൈറ്റി ചെയർമാൻ രമേശൻ പാലേരിക്ക് തിരുവനന്തപുരത്തു സമ്മാനിച്ചു. സംസ്ഥാനത്ത് 20-ൽപ്പരം റീച്ചുകളിലായി ദേശീയപാത ആറുവരിയായി വികസിപ്പിക്കുന്ന പ്രവൃത്തിയിൽ രാജ്യത്തെ മുൻനിരനിർമ്മാണസ്ഥാപനങ്ങളെക്കാൾ മികച്ച പ്രകടനം കാഴ്ചവച്ചതിനാണ് അംഗീകാരം.

സമയക്ലിപ്തത, ഗുണമേന്മ, തൊഴിൽനൈപുണ്യം, പ്രൊജക്ട് മാനേജ്മെന്റ് എന്നിവയിലുള്ള സൊസൈറ്റിയുടെ സമർപ്പണവും അസാമാന്യവൈദഗ്ദ്ധ്യവും കണക്കിലെടുത്താണ് അംഗീകാരം. പുരസ്കാര സമർപ്പണത്തിൽ ദേശീയപാത അതോറിറ്റി മെമ്പർ (പിപിപി) വെങ്കിട്ടരമണ, റീജിയണൽ ഓഫീസർ ബി. എൽ. മീണ, യു എൽസിസിഎസ് എംഡി എസ്. ഷാജു, പ്രൊജക്റ്റ് മാനേജർ നാരായണൻ, കൺസഷണയർ പ്രതിനിധി ടി. പി. കിഷോർ കുമാർ, സിജിഎം റോഹൻ പ്രഭാകർ, ജിഎം റോഡ്സ് പി. ഷൈനു തുടങ്ങിയവർ സംബന്ധിച്ചു.

ഭാരത് മാല പദ്ധതിയിൽ കേരളത്തിൽ നടക്കുന്ന പ്രവൃത്തികളിൽ ആദ്യം പൂർത്തിയായാകുക ഊരാളുങ്കൽ സൊസൈറ്റി നിർമ്മിക്കുന്നതലപ്പാടി – ചെങ്കള റീച്ചാണ്. സംസ്ഥാനത്തെ വടക്കേയറ്റത്തെ ഈ റീച്ചിൽ ആറുവരിപ്പാതയുടെ 36-ൽ 28.5 കിലോമീറ്ററും സർവ്വീസ് റോഡിന്റെ 66-ൽ 60.7 കിലോമീറ്ററും ഡ്രയിൻ ലൈൻ 76.6-ൽ 73 കിലോമീറ്ററും പൂർത്തിയായി.

വലിയ പാലങ്ങളിൽ രണ്ടെണ്ണം പൂർണ്ണമായും ഓരോന്ന് 85-ഉം 80-ഉം ശതമാനം വീതവും ചെറിയ പാലങ്ങളിൽ രണ്ടെണ്ണം പൂർണ്ണമായും ഓരോന്ന് 85-ഉം 50-ഉം ശതമാനം വീതവും പൂർത്തിയായിക്കഴിഞ്ഞു.

ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് പിൻവലിച്ച ഒരു കോടി തിരിച്ചടയ്ക്കാൻ സിപിഎം

തൃശൂർ: തൃശൂരിൽ ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് പിൻവലിച്ച ഒരു കോടി രൂപ തിരിച്ചടയ്ക്കാൻ സിപിഎം നീക്കം. സിപിഎം ജില്ലാ സെക്രട്ടറി ബാങ്കിലെത്തി അധികൃതരുമായി ചർച്ച നടത്തി. ആദായ നികുതി വകുപ്പിന്റെ തീരുമാനം അറിഞ്ഞ ശേഷമാവും ബാങ്ക് പണം സ്വീകരിക്കുക.

നികുതി റിട്ടേണിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കാണിച്ചിട്ടില്ല എന്ന് ചൂണ്ടിക്കാട്ടിയാണ് ആദായനികുതി വകുപ്പ് സിപിഎം തൃശൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട് മരവിപ്പിച്ചത്. 5.8 കോടിയായിരുന്നു ഈ അക്കൗണ്ടിലുണ്ടായിരുന്ന ആകെ തുക. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിന് പിന്നാലെ ഇതിൽ ഒരു കോടി രൂപ ജില്ലാ സെക്രട്ടറി എംഎം വർഗീസ് പിൻവലിച്ചു. ഈ പണമാണിപ്പോൾ തിരിച്ചടയ്ക്കാൻ സിപിഎം ഒരുങ്ങുന്നത്.വിഷയത്തിൽ ബാങ്ക് അധികൃതരുമായി ചർച്ച നടത്തിയിരിക്കുകയാണ് എംഎം വർഗീസ്. ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥരോട് കൂടി ചർച്ച നടത്തിയശേഷമേ തീരുമാനമെടുക്കാനാവൂ എന്ന് ബാങ്ക് അധികൃതർ വർഗീസിനെ അറിയിച്ചതായാണ് ലഭിക്കുന്ന വിവരം.സിപിഎമ്മിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ക്രോഡീകരിച്ചു നൽകുന്നത് ഡൽഹിയിൽ നിന്നാണെന്നും അങ്ങനെ നൽകിയപ്പോൾ ബാങ്ക് ഓഫ് ഇന്ത്യയിലെ അക്കൗണ്ടിന്റെ കാര്യം വിട്ടു പോയതാണെന്നുമാണ് എംഎം വർഗീസ് നേരത്തേ ആദായനികുതി വകുപ്പിനെ അറിയിച്ചിരുന്നത്. തങ്ങളുടെ വാദങ്ങൾ അംഗീകരിക്കാനാവില്ലെങ്കിൽ അക്കൗണ്ട് മരവിപ്പിക്കുന്നതടക്കമുള്ള നടപടികളുണ്ടായേക്കാം എന്നത് മുന്നിൽക്കണ്ടാണ് ഇപ്പോൾ പണം തിരിച്ചടയ്ക്കാനുള്ള സിപിഎം നീക്കം.

കാസർകോട്ട് സിപിഎം പാർട്ടി ഓഫീസിന് നേരെ അക്രമം; പിന്നിൽ കോൺഗ്രസെന്ന് ആരോപണം

കാസർകോട് സിപിഎം പാർട്ടി ഓഫീസിന് നേരെ അക്രമം. ചെറുവത്തൂർ മയ്യിച്ചയിലെ ബാഞ്ച് കമ്മിറ്റി ഓഫീസിനു നേരെയാണ് ആക്രമണമുണ്ടായത്.

ആക്രമണത്തിനെതിരെ സിപിഎം ചന്തേര പൊലീസിൽ പരാതി നൽകി.

ഇന്നലെ രാത്രിയാണ് ഓഫീസിന് നേരെ ആക്രമണമുണ്ടായത്. ജനൽച്ചില്ലുകളടക്കം ആക്രമണത്തിൽ തകർന്നിട്ടുണ്ട്. ഓഫീസിനകത്ത് സൂക്ഷിച്ചിരുന്ന കൊടിതോരണങ്ങളടക്കം നശിപ്പിച്ചതായാണ് സിപിഎം പ്രവർത്തകർ പറയുന്നത്. ഓഫീസിന് മുന്നിലുണ്ടായിരുന്ന സിപിഎമ്മിന്റെയും ഡിവൈഎഫ്ഐയുടെയും കൊടികളും നശിപ്പിച്ചുവെന്നാണ് പരാതി.

സംഭവത്തിൽ ബ്രാഞ്ച് സെക്രട്ടറി ചന്ദ്രനാണ് പരാതി നൽകിയത്. കോൺഗ്രസ് പ്രവർത്തകരാണ് ആക്രമണത്തിന് പിന്നിലെന്നാണ് സിപിഎമ്മിന്റെ ആരോപണം. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രദേശത്തെ കോൺഗ്രസ് പ്രവർത്തകരുമായി സിപിഎം വാക്കുതർക്കമുണ്ടായിരുന്നു. ഇതിന് തുടർച്ചയായാണ് അക്രമം എന്നാണ് സിപിഎം പ്രവർത്തകർ പറയുന്നത്.

കോഴിക്കോട്ടെ ഓട്ടോഡ്രൈവറുടെ കൊലപാതകത്തിന് കാരണം വ്യക്തിവൈരാഗ്യം

കോഴിക്കോട്: വെള്ളയിൽ പണിക്കർറോഡ് കണ്ണൻകടവിൽ ഓട്ടോറിക്ഷ ഡ്രൈവറെ കൊലപ്പെടുത്തിയതിന് പിന്നിൽ വ്യക്തിവൈരാഗ്യമാണെന്ന് പോലീസ്. കൊല്ലപ്പെട്ട ശ്രീകാന്ത്, കേസിലെ പ്രതിയായ ധനീഷിന്റെ അമ്മയോട് അപമര്യാദയായി പെരുമാറിയിരുന്നു. ഇതേത്തുടർന്നുണ്ടായ വൈരാഗ്യമാണ് കൊലപാതകത്തിൽ കലാശിച്ചതെന്നും കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ രാജ്പാൽ മീണ മാധ്യമങ്ങളോട് പറഞ്ഞു.

കൊലപാതകം ആസൂത്രിതമാണ്. സംഭവത്തിൽ കൂടുതൽപേർക്ക് പങ്കുണ്ടോയെന്ന് അന്വേഷിക്കണം. കൊല്ലപ്പെട്ട ശ്രീകാന്തിന്റെ കാർ കത്തിച്ച സംഭവത്തിലും അന്വേഷണം നടക്കുന്നുണ്ട്. ഇതിനുപിന്നിലും കൊലക്കേസ് പ്രതി ധനീഷ് തന്നെയാണെന്നാണ് പ്രാഥമികനിഗമനമെന്നും കമ്മീഷണർ പറഞ്ഞു.

ഞായറാഴ്ച പുലർച്ചെയാണ് ഓട്ടോ ഡ്രൈവറായ പണിക്കർ റോഡ് നാലുകുടിപറമ്പ് ശ്രീമന്ദിരം വീട്ടിൽ ശ്രീകാന്തി(47)നെ കണ്ണൻകടവിൽവെച്ച് വെട്ടിക്കൊലപ്പെടുത്തിയത്. രാവിലെ ഇതുവഴിയെത്തിയ യുവതിയാണ് ശ്രീകാന്ത് വെട്ടേറ്റ് റോഡരികിൽ ചോരയിൽകുളിച്ച് കിടക്കുന്നത് ആദ്യം കണ്ടത്. കഴുത്തിന് തൊട്ടുതാഴെയും രണ്ടു കൈകളിലും വയറിലുമാണ് ശ്രീകാന്തിന് വെട്ടേറ്റിരുന്നത്. ഓട്ടോയിലിരിക്കെ വെട്ടേറ്റപ്പോൾ ശ്രീകാന്ത് ഇറങ്ങിയോടിയെന്നും ഇതിനിടെയാണ് റോഡരികിൽ വീണതെന്നുമായിരുന്നു പോലീസിന്റെ പ്രാഥമിക കണ്ടെത്തൽ.

ഏപ്രിൽ 26-ന് ഇതേസ്ഥലത്തുവെച്ച് ശ്രീകാന്തിന്റെ കാറും പെട്രോളൊഴിച്ച് കത്തിച്ചിരുന്നു. ഈ സംഭവത്തിൽ വെള്ളയിൽ പോലീസിൽ പരാതി നൽകിയതിന് പിന്നാലെയാണ് ശ്രീകാന്ത് കൊല്ലപ്പെട്ടത്.ശ്രീകാന്തിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ചൊവ്വാഴ്ച രാവിലെയാണ് പ്രതി ധനീഷിനെ പോലീസ് അറസ്റ്റ് ചെയ്തത്. നേരത്തെ കൃത്യം നടന്ന പ്രദേശത്തെ സിസിടിവി ദൃശ്യങ്ങളിൽനിന്ന് പോലീസിന് പ്രതിയെക്കുറിച്ച് സൂചന ലഭിച്ചിരുന്നു. തുടർന്ന് സംശയത്തെത്തുടർന്ന് തിങ്കളാഴ്ച ധനീഷിനെ കസ്റ്റഡിയിലെടുക്കുകയും ചോദ്യംചെയ്യലിൽ ഇയാൾ കുറ്റംസമ്മതിക്കുകയുമായിരുന്നു.

ചരമം

ലക്ഷ്മി

ഫാറൂഖ് കോളജ് ചുള്ളി പ്ലറമ്പ് മുള്ളാശ്ശേരി കുനിയത്ത് ലക്ഷ്മി (84) അന്തരിച്ചു. സഹോദരങ്ങൾ. പരേതരായ ചോയുണ്ണി, അപ്പുക്കുട്ടൻ, ഇമ്പിച്ചിക്കുട്ടൻ, മാധവൻ, ചിന്നമ്മു, മാധവി, സരോജിനി, ദേവയാനി. സഞ്ചയനം ശനി

ഡോ.പി. ചന്ദ്രമോഹനൻ

കുറ്റ്യാടി: ഗൈനക്കോളജി സ്റ്റ് ഡോ.പി.ചന്ദ്രമോഹനൻ (63) അന്തരിച്ചു. : സംസ്കാരം നടത്തി. പുറമേരി സ്വദേശിയാണ്. ഐഎംഎ പേരാമ്പ്ര മേഖലാ പ്രസിഡന്റ്, ജേസീസ് കുറ്റ്യാടി ചാപ്റ്റർ പ്രസിഡന്റ്, കുറ്റ്യാടി റോട്ടറി ക്ലബ് ഭാരവാഹി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: ഷശശികല (റിട്ട. അധ്യാപിക സിസിയുപി സ്കൂൾ ആവോലം). മക്കൾ: ഡോ: കൃഷ്ണകിരൻ, ഡോ: ഹരികൃഷ്ണൻ. സഹോദരി: അജിത,കുമാരി.

ഇന്നത്തെ പരിപാടി

കോവൂർ കോർപറേഷൻ കമ്യൂണിറ്റി ഹാൾ: ചേളന്നൂർ എസ്എൻ ജി കോളജ് പൂർവ വിദ്യാർഥി കൂട്ടായ്മ മഴവിൽക്കാലം കുടുംബ സംഗ ??? മം ഉദ്ഘാടനം മേയർ ബീന ഫിലി 2.00

. ഗവ.ആർട്സ് ആൻഡ് സയൻ സ് കോളജ് ഓഡിറ്റോറിയം: വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗ മായി പൂർവ വിദ്യാർഥി മഹാ സംഗമം ഉദ്ഘാടനം – മന്ത്രി ആർ.ബിന്ദു 2.30

. ബീച്ച് മറൈൻ ഗ്രൗണ്ട്: വണ്ടർ കാർണിവൽ 4.00

റിയാസ് മൗലവി വധക്കേസ്; മൂന്ന് പ്രതികൾക്കും ജാമ്യം

കാസർഗോഡ്: റിയാസ് മൗലവി വധക്കേസിലെ മൂന്ന് പ്രതികൾക്കും ജാമ്യം. കാസർകോട് ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ ഹാജരായാണ് അജേഷ്, അഖിലേഷ്, നിധിൻ കുമാർ എന്നിവർ ജാമ്യം നേടിയത്. ഹൈക്കോടതി നിർദേശപ്രകാരമാണ് ജാമ്യം.

കേസിൽ മൂന്ന് പ്രതികളെയും നേരത്തേ കാസർകോട് ജില്ലാ സെഷൻസ് കോടതി വെറുതേ വിട്ടിരുന്നു. ഇതിനെതിരെ സർക്കാർ ഹൈക്കോടതിയിൽ ഹരജിയും നൽകി. കുറ്റവിമുക്തരാക്കപ്പെട്ട മൂന്നുപേർ 10 ദിവസത്തിനകം അതേ കോടതിയിൽ ഹാരജാവുകയും മൂന്നുപേരും 50,000 രൂപയുടെ ബോണ്ടുകളും രണ്ട് ജാമ്യക്കാരെയും ഹാജരാക്കി ജാമ്യം നേടണമെന്നുമായിരുന്നു ഹൈക്കോടതി നിർദേശം. ഇത് പ്രകാരമാണ് പ്രതികളിപ്പോൾ ജാമ്യം നേടിയിരിക്കുന്നത്.

വിചാരണക്കോടതി പരിധിയിൽ നിന്ന് വിട്ടുപോകരുത്, പാസ്പോർട്ട് ഹാജരാക്കണം തുടങ്ങിയ ഉപാധികളോടെയാണ് ജാമ്യം.

റിയാസ് മൗലവി വധക്കേസിൽ ആർ.എസ്.എസ് പ്രവർത്തകരായ പ്രതികളെ കോടതി വെറുതെവിട്ടത് സർക്കാരിന് വലിയ തിരിച്ചടിയായിരുന്നു. പ്രതിപക്ഷം ഇത് ആയുധമാക്കിയതോടെയാണ് സർക്കാർ അപ്പീലിന് അടിയന്തര നീക്കം തുടങ്ങിയത്. അഡ്വക്കറ്റ് ജനറലുമായി മുഖ്യമന്ത്രി ചർച്ച നടത്തുകയും ചെയ്തു. ഇതിനുപിന്നാലെയാണ് അപ്പീലുമായി സർക്കാർ ഹൈക്കോടതിയെ സമീപിച്ചത്.

'വീണ്ടും കാൽപാടുകൾ' ലോഗോ പ്രകാശനം ചെയ്തു

എടത്വ:തലവടി സെന്റ് തോമസ് സി.എസ്ഐ പള്ളിയുടെ സാമൂഹിക സേവന പ്രവർത്തനങ്ങളുടെ ഭാഗമായി 1841ൽ സ്ഥാപിച്ച സിഎംഎസ് സ്കൂളിന്റെ മെയ് 19ന് നടക്കുന്ന ആഗോള പൂർവ്വ വിദ്യാർത്ഥികളുടെ മഹാസംഗമത്തിന്റെ ലോഗോ . 'വീണ്ടും കാൽപാടുകൾ' പ്രകാശനം ചെയ്തു. പ്രധാന അധ്യാപകൻ റെജിൽ സാം മാത്യുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പൂർവ്വവിദ്യാർത്ഥിയും ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ മുൻ ജനറൽ പ്രസിഡന്റുമായ റവ. ഡോ. കെസി ജോൺ ഇടയത്ര പൂർവ്വ വിദ്യാർത്ഥി സംഘടന രക്ഷാധികാരി സിഎസ്ഐ സഭ മുൻ മോഡറേറ്റർ ബിഷപ്പ് തോമസ് കെ.ഉമ്മന് നല്കി പ്രകാശനം ചെയ്തു. ഭാരവാഹികളായ ട്രഷറാർ എബി മാത്യു, ചോളകത്ത്, ഡോ.ജോൺസൺ വി.ഇടിക്കുള,ബെറ്റി ജോസഫ്, സജി ഏബ്രഹാം,വി. പി. സുജീന്ദ്ര ബാബു,ജിബി ഈപ്പൻ എന്നിവർ സംബന്ധിച്ചു.റവ. ഡോ. കെസി ജോണിനെ ഭാരവാഹികൾ ഷാൾ അണിയിച്ച് ആദരിച്ചു.ലോഗോ തയ്യാറാക്കിയ പൂർവ്വ വിദ്യാർത്ഥിയും പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥനുമായ വളവുങ്കൽ വി. പി. സുജീന്ദ്ര ബാബുവിനെ ചടങ്ങിൽ അഭിനന്ദിച്ചു.

1984ൽ ഹൈസ്ക്കൂൾ ആയി ഉയർത്തപ്പെട്ട ഈ സ്കൂളിൽ നിന്നും ഉന്നത സ്ഥാനിയരായ പൂർവ്വ വിദ്യാർത്ഥികളെ ആദരിക്കുന്നതോടൊപ്പം ഗുരുവന്ദനവും സംഘടിപ്പിക്കുമെന്ന് പ്രസിഡന്റ് റവ. മാത്യു ജിലോ നൈനാൻ അറിയിച്ചു.

ആലപ്പുഴയിൽ ഇലക്ട്രീഷ്യന്റെ മരണം സൂര്യാതപം മൂലം; പോസ്റ്റ് മോർട്ടം റിപ്പോർട്ട് പുറത്ത്

ആലപ്പുഴ: ആലപ്പുഴ ചെട്ടിക്കാട് ഇലക്ട്രീഷന്റെ മരണം സൂര്യാതപം മൂലമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട് ചെട്ടിക്കാട് പുത്തൻപുരയ്ക്കൽ സുഭാഷ് ആണ് കഴിഞ്ഞദിവസം കുഴഞ്ഞു വീണ് മരിച്ചത്. സുഭാഷിന് ഹൃദയാഘാതമുണ്ടായതായും റിപ്പോർട്ടിൽ പറയുന്നു.

ചെട്ടിക്കാട് കെട്ടിട നിർമാണത്തിനിടെ ഇലക്ട്രിക്കൽ ജോലികൾ ചെയ്യുമ്പോഴാണ് സുഭാഷ് കുഴഞ്ഞു വീണത്. വീടിന് പുറത്തായിരുന്നു ഈ സമയം സുഭാഷിന് ജോലി. കുഴഞ്ഞു വീണയുടൻ തന്നെ ഇദ്ദേഹത്തിന് ഹൃദയാഘാതവുമുണ്ടായെന്നാണ് വിവരം. തുടർന്ന് ആശുപത്രിയിലെത്തിക്കുന്നതിന് മുമ്പ് തന്നെ മരണം സംഭവിച്ചു.

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച പ്രതിക്ക് 30 വർഷം കഠിന തടവ്

കൊല്ലം: പുനലൂരിൽ നിന്ന് പ്രായപൂർത്തി ആകാത്ത പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച റെനിൻ വർഗീസിനെ ആണ് ശിക്ഷിച്ചത്. 30 വർഷം കഠിന തടവും 35,000 രൂപ പിഴയും ആണ് കോടതി വിധിച്ചത്. പിഴത്തുക അടച്ചില്ലെങ്കിൽ മൂന്നുമാസം കഠിനതടവും കൂടി അനുഭവിക്കണമെന്നാണ് വിധി. പുനലൂർ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി സ്പെഷ്യൽ ഡിസ്ട്രിക്ട് ജഡ്ജ് ടി.ഡി. ബൈജുവാണ് ശിക്ഷ വിധിച്ചത്. പിഴത്തുക അതിജീവതയ്ക്ക് നൽകാനും വിധിയിൽ പറയുന്നുണ്ട്.

ഇന്നത്തെ ചിന്താവിഷയം

നിങ്ങളുടെ സ്വപ്നഭവനം രൂപകൽപന ചെയ്യുക

>>>>>>>>>>>>>>>>>>>>>>

സ്വപ്നങ്ങൾ നെയ്യുക മനുഷ്യ സ്വഭാവമത്രെ. സ്വപ്നങ്ങൾ മനുഷ്യരെ ജീവിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നു. സ്വപ്നങ്ങൾ ഇല്ലെങ്കിൽ ഭൂമിപോലും നിശ്ചലമായിരിക്കും. ഈ അവസ്ഥ ആനന്ദം പകരുന്നു. ആനന്ദം സമാധാനത്തിന് വഴിയൊരുക്കുന്നു. സമധാനം ഉള്ളിടത്ത് ശാന്തി ഉണ്ടാകുന്നു. ശാന്തിയും സമാധാനവും ഉള്ളിടത്ത് ഈശ്വര ചൈതന്യം വന്നുചേരുന്നു. ഈശ്വരചൈതന്യം ഐശ്വര്യത്തെ പ്രദാനം ചെയ്യുന്നു. ഐശ്വര്യമുള്ളിടത്ത് ധനവും സമ്പത്തും വന്നു ചേരും. ജീവിതം അനുഭവയോഗ്യമാക്കുവാൻ നമ്മളുടെ ശ്രദ്ധയും പരിപാലനവും വേണം. തെറ്റുകളിലേയ്ക്കു എടുത്തു ചാടരുത്. ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ച വെള്ളം കണ്ടാലും ഭയപ്പെടും. ഭയപ്പെട്ടവർ പതുക്കെ ഒന്നായി മാറുകയും ഈ മാറ്റം വസ്തുക്കളെ തിരിച്ചറിയാൻ സഹായിക്കുന്നതും കാണാം. അവിടെയാണ് അനുഭവത്തിന്റെ പാഠം. അനുഭവം അറിവത്രെ. അറിവ് എന്നും ബോധത്തെ ഉണർത്തുന്നു. ബോധം ജീവിതത്തിലെ ജ്ഞാനത്തെ പരിപാലിക്കുന്നു. ഇവിടെ ശ്രദ്ധേയമാക്കേണ്ടത് വേണ്ടവയിൽ മാത്രം താല്പര്യപ്പെടുക. ഏതിനും നീതിയുക്തിയെ സിരസ്സിലേറ്റുക. മോഹം മനഷ്യാന്ത്യം വരെ ഉണ്ടായിരിക്കും. ഏതു മോഹവും സഫലീകരിക്കുമ്പോഴാണ് രൂപകല്പന പൂർത്തിയാകുന്നത്. സ്വപ്നങ്ങളുടെ രൂപകല്പന ബോധപൂർവ്വം ചെയ്യുന്നിടത്ത് ജീവിതഭദ്രത വന്നു ചേരുന്നു. ജീവിതഭദ്രതയാണ് ഏവരുടെയും ലക്ഷ്യം. ലക്ഷ്യം പട്ടം പോലെ മനോഹരമെങ്കിലും നൂലു പൊട്ടിയ പട്ടം ആകരുത്. നൂലു പൊട്ടിയ പട്ടവും തകർന്നു തരിപ്പണമാകുന്ന പളുങ്കുപാത്രവും ഒരു പോലെയാണ്. ആരാലും പുനരുദ്ധരിക്കാനാവാത്ത അവസ്ഥയത്രെ തകർച്ചകൾ. തകർച്ചയിൽ അസ്വദിക്കുന്നവർ കണ്ടെത്തിയെന്നു വരും. അത്തരം ആസ്വാദകർ മനുഷ്യന്റെ ജീവിതങ്ങളിലെ അത്ഭുത പ്രതിഭാസമായിരിക്കും. അത് സ്പന്ദിക്കട്ടെ. മതി വരുവോളം. അതെ ഏവരും സ്വപ്നഭവനത്തിലിരുന്ന രൂപകല്പനയാവട്ടെ. കാലാന്തരത്തിൽ അവയൊക്കെ ജീവിത പാഠമായി വായിക്കാൻ സഹായിക്കും.

ഏവർക്കും സുപ്രഭാതവും സുദിനവും ആയുരാരോഗ്യവും നേർന്നുകൊണ്ട് നന്ദി നമസ്ക്കാരം.

കെ.വിജയൻ നായർ
മുംബൈ

കുഴിപ്പള്ളി പെരുന്നാൾ ; ലോഗോ പ്രകാശനം ചെയ്തു

തലവടി : തലവടി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി (കുഴിപ്പള്ളി)1630ം കല്ലിട്ട പെരുന്നാൾ മെയ് 5 മുതൽ 13 വരെ നടക്കും.

അതിന് മുന്നോടിയായി ലോഗോ പ്രകാശനം ചെയ്തു. വിശുദ്ധ കുർബാനയ്ക്ക് ശേഷം നടന്ന ചടങ്ങിൽ ഇടവക വികാരി ഫാദർ റോബിൻ വർഗ്ഗീസ് മേടയ്ക്കൽ പ്രകാശനം ചെയ്തു.

ഇടവക ട്രസ്റ്റി കോശി തോമസ് കന്യാകോണിൽ, സെക്രട്ടറി ചെറിയാൻ വർക്കി ഇടയത്ര, കൺവീനർ പ്രിൻസ് പീറ്റർ പാലത്തിങ്കൽ,ജോ. സെക്രട്ടറി സോണി ജോസഫ് ചക്കാലയിൽ എന്നിവർ പ്രസംഗിച്ചു.

പൊരുളിന്റെയുള്ളറിവോളം

>>>>>>>>>>>>>>>>>>>>>>

അറിഞ്ഞുകൊണ്ട് പാപം ചെയ്യുവോർ
അപരാധത്തിന്റെ വിത്തു പാകുവോർ
അവരെ ശിക്ഷിക്കണം, രക്ഷപെട്ടോട്ടെ
അവരെങ്കിലുമൊരു നിരപരാധി ശിക്ഷ
അരുത്, അതാണു നീതിപീഠമഹത്വവും.

സന്ധ്യേ, ഉടുത്തൊരുങ്ങി നടകൊണ്ടും
സമസ്യയാകും രാവിന്നിരുളിൻ ഭീകരത
സാകൂതം ഹൃദയത്തിലങ്ങ് ചാലിച്ചിട്ടും
സൂത്രങ്ങളഴിഞ്ഞുവീണതിൽ പൊലിയും
സീമന്തരേഖയുമതിലേറും സിന്ദൂരവും.

ഉലയിൽ തിളയ്ക്കും കാരിരുമ്പിൻ കല
ഉറഞ്ഞുകൂടിയതായുധത്തിൻ രൂപാന്തരം
ഉടയാതെ ബലം കൂട്ടുമത് തല്ലിച്ചേർത്തും
ഉടവാൾ പണിതു ശക്തിയും ശത്രുതയും
ഊട്ടുവാനൊട്ടു സ്വാർത്ഥമാം മുഖച്ഛായ.

കൽപ്രതിമകളിൽ ജീവന്റെ തുടിപ്പിലും
കരിമഷിക്കൂട്ടിലെത്രയോ ചന്തമേറിയും
കണ്ണെഴുതിയതിൽ കാമം ത്രസിപ്പിക്കും
കലാവിരുതിൻ പ്രവാഹമവിടെപ്പ്രയുന്ന
കഥകളിലൊട്ടു കാലമഹിമ വിളംബരം.

അവിടെ ഉയർത്തെഴുന്നേൽക്കുമത്
അനന്താമാമീ വിശ്വത്തിൻ പ്രമാണവും
അതിരുകളില്ലാത്ത സത്യത്തിൻ മുഖം
അപൂർവ്വം അനിർവചനീയം അനുഭവം
ആശങ്കക്കിടയില്

ആർ. ശങ്കർ അനുസ്മരണം നടത്തി

കോഴിക്കോട്: മുൻമുഖ്യമന്ത്രിയും കെപിസിസി പ്രസിഡന്റുമായിരുന്ന ആർ ശങ്കറിന്റെ ജന്മദിനത്തോടനുബന്ധിച്ച് അനുസ്മരം സംഘടിപ്പിച്ചു. ആർ ശങ്കർ ഫൗണ്ടേഷൻ അഡ്വ എം രാജൻ അധ്യക്ഷനായി. കെപിസിസി ജനറൽ സെക്രട്ടറി അഡ്വ. പിഎം നിയാസ് പരിപാടി ഉദ്ഘാടനം ചെയ്തു. മുതിർന്ന കോൺഗ്രസ് നേതാവ് എൻകെ അബ്ദുറഹ്മാൻ മുഖ്യപ്രഭാഷണം നടത്തി. ആർ ശങ്കറിന്റെ മാതൃക പിൻപറ്റി ധാരാളം യുവജനങ്ങൾ കോൺഗ്രസിലേക്ക് വന്നൊരു കാലമുണ്ടായിരുന്നെന്നും ഇന്ന് ആർ ശങ്കറിനെപോലെ സമൂഹം ബഹുമാനിക്കുകയും മാതൃകയാക്കുകയും ചെയ്യുന്ന നേതാക്കൾ കോൺഗ്രസിൽ കുറവാണെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസ് പരിപാടിയിൽ മുപ്പത് വയസ്സിന് താഴെ പ്രായമുള്ളവരുടെ പങ്കാളിത്തം കുറഞ്ഞ് വരികയാണ്. ഇത് എഐസിസിയും കെപിസിസിയും പരിശോധിക്കണം. മഹാന്മാരായ നേതാക്കളുടെ ചരിത്രം യുവതലമുറക്ക് നൽകാൻ പർട്ടി നേതാക്കൾ ഗൗരവമായി ഇടപെടണം.എൻ കെ അബ്ദുറഹ്മാൻ, ഡോ എംപി പത്മനാഭൻ, ഡോ.കെ മൊയ്തു, കെ ഷാജിർ അറാഫത്ത്, എംകെ ബീരാൻ, സുദർശൻ ബാലൻ, നിസാർ പുനത്തിൽ, കണ്ടിയിൽ ഗംഗാധരൻ, എംപി രാമകൃഷ്ണൻ, വി അബ്ദുൽ റസാഖ്, ജഗന്മയൻ ചന്ദ്രപുരി സംസാരിച്ചു.

'തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കെജ്‌രിവാളിനെ അറസ്റ്റ് ചെയ്തത് എന്തിന്?'; ഇ.ഡിയോട് സുപ്രിംകോടതി

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റുമായി ബന്ധപ്പെട്ട് ഇ.ഡിയോട് ചോദ്യവുമായി സുപ്രിംകോടതി. ലോക്സഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുൻപായി അറസ്റ്റ് ചെയ്തത് എന്തിനെന്ന് സുപ്രിംകോടതി ചോദിച്ചു. നടപടിയിൽ ഇ.ഡിയോട് സുപ്രിംകോടതി വിശദീകരണം തേടി. വെള്ളിയാഴ്ചയ്ക്ക് മുൻപായി മറുപടി നൽകണമെന്നാണ് സുപ്രിംകോടതി നിർദേശം.

ഡൽഹി മദ്യനയ കേസിൽ തന്റെ അറസ്റ്റിനെതിരെ അരവിന്ദ് കെജ്രിവാൾ നൽകിയ ഹരജി പരിഗണിച്ച കോടതി, സ്വാതന്ത്ര്യം വളരെ പ്രധാനപ്പെട്ടതാണെന്ന് നിരീക്ഷിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് തന്നെ എന്തിനാണ് അറസ്റ്റ് ചെയ്തതെന്ന അരവിന്ദ് കെജ്രിവാളിന്റെ ചോദ്യത്തിന് മറുപടി നൽകാൻ ഇ.ഡി അഭിഭാഷകനോട് സുപ്രിംകോടതി ആവശ്യപ്പെട്ടു.

'സ്വാതന്ത്ര്യം വളരെ പ്രധാനമാണ്, നിങ്ങൾക്ക് അത് നിഷേധിക്കാനാവില്ല. അവസാനത്തെ ചോദ്യം കെജ്രിവാളിന്റെ അഭിഭാഷകൻ ചൂണ്ടിക്കാണിച്ച അറസ്റ്റിന്റെ സമയത്തെ സംബന്ധിച്ചാണ്. പൊതുതെരഞ്ഞെടുപ്പിന് തൊട്ടുമുമ്പാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തത്'- ജസ്റ്റിസ് സഞ്ജീവ് ഖന്ന അഡീഷനൽ സോളിസിറ്റർ ജനറൽ എസ് വി രാജുവിനോട് പറഞ്ഞു.

'പറയൂ, പൊതുതെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് എന്തിനാണ് കെജ്രിവാളിനെ അറസ്റ്റ് ചെയ്തത്?'- ജസ്റ്റിസ് സഞ്ജീവ് ഖന്ന ചോദിച്ചു. ജുഡീഷ്യൽ നടപടികളിലൂടെ കടന്നുപോവാതെ കേന്ദ്ര ഏജൻസിക്ക് ക്രിമിനൽ നടപടികൾ എടുക്കാനാവുമോ എന്നും കോടതി ഇ.ഡിയോട് ചോദിച്ചു.

ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുമായി ബന്ധപ്പെട്ട വിഷയത്തിൽ അന്വേഷണ ഉദ്യോഗസ്ഥർ വിവരങ്ങൾ കണ്ടെത്തിയെന്ന് അവകാശപ്പെട്ടിട്ടുണ്ടെങ്കിലും കെജ്രിവാളിന്റെ കാര്യത്തിൽ അങ്ങനെ ഒന്നും ഉയർന്നിട്ടില്ലെന്നും സുപ്രിംകോടതി ചൂണ്ടിക്കാട്ടി. മാർച്ച് 21നാണ് കെജ്രിവാളിനെ ഇ.ഡി അറസ്റ്റ് ചെയ്തത്.

മദ്യനയ കേസിൽ ഇ.ഡി സമൻസയച്ചതുമായി ബന്ധപ്പെട്ട് അറസ്റ്റ് നടപടികളിൽ നിന്ന് സംരക്ഷണം നൽകാൻ ഡൽഹി ഹൈക്കോടതി വിസമ്മതിച്ച് മണിക്കൂറുകൾക്ക് ശേഷമായിരുന്നു അറസ്റ്റ്. അന്വേഷണവുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്യലിന് ചേരാൻ കെജ്രിവാളിന് ഇ.ഡി ഒമ്പത് സമൻസുകൾ അയച്ചിരുന്നെങ്കിലും അദ്ദേഹമതിന് തയാറായിരുന്നില്ല. ഈ സാഹചര്യത്തിലായിരുന്നു അറസ്റ്റ്.

മെയ്ദിന സ്മരണകളിൽ നിന്ന് ഇന്ത്യൻ തൊഴിലാളി വർഗം കരുത്ത് നേടണം

തൊഴിലാളി വർഗത്തിന് ആഹ്ലാദം പകർന്ന് മെയ്ദിനം വന്നണഞ്ഞിരിക്കുന്നു. കാളകളെപോലെ പണിയെടുക്കാൻ വിധിക്കപ്പെട്ട തൊഴിലാളി വിധിയെതട്ടിമാറ്റാൻ നടത്തിയ ഉജ്വല പോരാട്ടത്തിന്റെ ഗാഥയാണ് മെയ്ദിന സ്മരണകൾ. ചിക്കാഗോയിൽ എട്ടുമണിക്കൂർ വിശ്രമം, എട്ടുമണിക്കൂർ ജോലി, എട്ടുമണിക്കൂർ വിനോദം എന്നീ ആവശ്യങ്ങളുന്നയിച്ച് നടത്തിയ പോരാട്ടത്തിന്റെ വിജയദിനമാണ് മെയ്ദിനം. ലോകത്ത് തൊഴാലാളി വർഗവും മുതലാളി വർഗവും തമ്മിൽ നടക്കുന്ന പോരാട്ടമാണ് വർഗസമരം എന്ന് വിവക്ഷിക്കപ്പെടുന്നത്. പ്രാകൃതമായ ജീവിത ചുറ്റുപാടുകളിൽ നിന്ന് അടിമത്തത്തിലേക്കും ഫ്യൂഡലിസത്തിലേക്കും മുതലാളിത്തത്തിലേക്കുമാണ് മാനവ സമൂഹം എത്തുന്നതെന്ന് കാറൽ മാക്സ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മൂന്ന് വ്യവസ്ഥകളിലും മൂലധനശക്തികളും, പണിയെടുക്കുന്നവരും തമ്മിൽ സംഘർഷമുണ്ടായിട്ടുണ്ട്. മാനദണ്ഡങ്ങളില്ലാതെ തൊഴിലാളികളെ പണിയെടുപ്പിച്ച് അവരുടെ ചോരയും നീരും ഊറ്റിയെടുത്ത് തങ്ങളുടെ ലാഭം വർധിപ്പിക്കാൻ മുതലാളിത്ത വ്യവസ്ഥ കൂടുതൽ കൂടുതൽ ചൂഷണ രീതികൾ അവലംബിക്കും. പണിയെടുക്കുന്നവനും പണിയെടുപ്പിക്കുന്നവനും തമ്മിലുള്ള പോരാട്ടിത്തിനെയാണ് മാർക്സ് വർഗ സമരം എന്ന് വിളിച്ചത്. വർഗ സമരം ഏത് സാമ്പത്തിക സാഹചര്യത്തിലും പ്രസക്തമാണ്. മുതലാളിത്തത്തിന്റെ പഴയകാല ചൂഷണ രീതികളെല്ലാം ഇന്ന് അമ്പേ മാറിയിട്ടുണ്ട്. ആധുനിക ശാസ്ത്ര- സാങ്കേതിക കണ്ടുപിടിത്തങ്ങളുപയോഗിച്ച് ടെക്നോളജിയിലൂടെ തൊഴിലാളികളെ ഇന്ന് കോർപറേഷനുകൾ ചൂഷണം ചെയ്യുകയാണ്. ആഗോള തലത്തിൽ പ്രവർത്തിക്കുന്ന ടെക്നോളജി അധിഷ്ഠിതമായ സ്ഥാപനങ്ങൾ പോലും തൊഴിൽ സുരക്ഷിതമോ, മതിയായ വേതനമോ ലഭിക്കാത്ത അവസ്ഥയുണ്ട്. തൊഴിലാളികളുടെ കൂലിയിൽ വർധനവുണ്ടായിട്ടുണ്ടെങ്കിലും ജീവിത ചെലവ് പലമടങ്ങായി വർധിക്കുന്നതിനാൽ ഇപ്പോൾ ലഭിക്കുന്ന വേതനം പോലും അപര്യാപ്തമായിരിക്കുകയാണ്. ഉൽപാദനോപകരണങ്ങളുടെ ഉടമാവകാശം വൻകിട കോർപറേറ്റ് കമ്പനികളുടെ ഉടമസ്ഥതയിലാവുമ്പോൾ ചൂഷണം വ്യാപകമാവുകയാണ്. ഇത്തരം പ്രതിസന്ധികളെ മറികടക്കാൻ പൊതുമേഖല ശക്തിപ്പെടുത്തുകയാണ് പോംവഴി. എന്നാൻ സർക്കാരുകൾ പൊതുമേഖലാ സ്ഥാപനങ്ങളുടക്കം വിറ്റുതുലക്കുകയാണ്. പൊതുമേഖലയിലെ സർക്കാർ നിക്ഷേപം കുറക്കുകയും രാജ്യത്തിന്റെ പൊതുസമ്പത്തുമായ ഇത്തരം സ്ഥാപനങ്ങൾ കോർപറേറ്റുകൾക്ക് തീറെഴുതിനൽകുമ്പോൾ ചൂഷണത്തിന്റെ അളവ് പതിമടങ്ങാവും. സർക്കാരുകൾ പൊതുമേഖലയെ സംരക്ഷിക്കാനും മൂലധനമിറക്കാനും തയാറാകണം. നമ്മുടെ രാജ്യത്ത് മെയ്ദിനാഘോഷം സംഘടിപ്പിച്ച ഒരുനൂറ്റാണ്ട് ശിങ്കാരവേലുചെട്ടിയാരായിരുന്നു. ഭാരതം ഒരു കാർഷിക രാജ്യമാണ്. മണ്ണിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും മറ്റിതര തൊഴിലാളിക്കും തൊഴിൽ സുരക്ഷ ഉയർന്ന വേതനം എന്നിവ ഉറപ്പുവരുത്താൻ മെയ്ദിന സ്മരണകൾ ഇടയാവട്ടെ..

'മാപ്പപേക്ഷയിൽ പുരോഗതി; പത്രങ്ങളുടെ യഥാർഥ പേജ് ഹാജരാക്കണം': ബാബാ രാംദേവിനോട് സുപ്രിംകോടതി

ന്യൂഡൽഹി: തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകിയ കേസിൽ പതഞ്ജലി ആയുർവേദ് സ്ഥാപകരായ ബാബാ രാംദേവ്, ആചാര്യ ബാലകൃഷ്ണ എന്നിവർ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച നിരുപാധിക മാപ്പപേക്ഷയിൽ പുരോഗതിയുണ്ടെന്ന് സുപ്രിംകോടതി. എന്നാൽ പരസ്യമായി മാപ്പ് പറഞ്ഞുള്ള പരസ്യം നൽകിയ പത്രങ്ങളുടെ യഥാർഥ പേജ് ഹാജരാക്കണമെന്ന് അഭിഭാഷകരോട് ജസ്റ്റിസുമാരായ ഹിമ കോഹ്‌ലി, അഹ്സനുദ്ദീൻ അമാനുല്ല എന്നിവരടങ്ങിയ ബെഞ്ച് ആവശ്യപ്പെട്ടു.

'നേരത്തെ മാപ്പപേക്ഷ പ്രസിദ്ധീകരിച്ചപ്പോൾ കമ്പനിയുടെ പേര് മാത്രമേ ഉണ്ടായിരുന്നുള്ളു. രണ്ടാമത്തെ ക്ഷമാപണത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. എന്തായാലും ഒടുവിൽ അവർ കാര്യം മനസിലാക്കി'- ജസ്റ്റിസ് അമാനുല്ല പറഞ്ഞു. പത്ര പേജുകളുടെ ഒറിജിനൽ ഹാജരാക്കണമെന്ന് പറഞ്ഞിരുന്നെങ്കിലും ഇ-പേപ്പർ മാത്രമാണ് ഹാജരാക്കിയത്. ഈ സാഹചര്യത്തിലാണ് യഥാർഥ പേജ് തന്നെ ഹാജരാക്കണമെന്ന് കോടതി നിർദേശിച്ചത്. കേസ് വീണ്ടും വാദം കേൾക്കാൻ മെയ് ഏഴിലേക്ക് മാറ്റി.

കേസിൽ അടുത്ത വാദം കേൾക്കുന്ന തീയതിയിൽ രാംദേവിനും ബാലകൃഷ്ണക്കും നേരിട്ട് ഹാജരാവുന്നതിൽ നിന്ന് ഒഴിവ് നൽകണമെന്ന് അഭിഭാഷകൻ ആവശ്യപ്പെട്ടു. അടുത്ത വാദം കേൾക്കുന്ന ദിവസത്തേക്ക് മാത്രം ഇളവ് അനുവദിച്ചതായി ബെഞ്ച് അറിയിച്ചു. കോവിഡ് വാക്സിനേഷനും ആധുനിക വൈദ്യശാസ്ത്രത്തിനും എതിരെ അപകീർത്തികരമായ പ്രചാരണം നടത്തുന്നുവെന്ന് ആരോപിച്ച് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ 2022ൽ സമർപ്പിച്ച ഹരജിയാണ് സുപ്രിംകോടതി പരിഗണിക്കുന്നത്.തെറ്റിദ്ധരിപ്പിക്കുന്ന പരസ്യം നൽകിയതിന് കോടതിയുടെ വിമർശനം ഏറ്റുവാങ്ങിയതിന് പിന്നാലെ ഏപ്രിൽ 24നാണ് പതഞ്ജലി രണ്ടാമതും പത്രങ്ങളിൽ പരസ്യം നൽകിയത്. ആദ്യം നൽകിയ പരസ്യത്തിന് വലിപ്പം കുറവാണെന്ന് കോടതി കുറ്റപ്പെടുത്തിയിരുന്നു. അത്രയും വലിപ്പമുള്ള പരസ്യങ്ങൾക്ക് 10 ലക്ഷത്തിൽ കൂടുതൽ രൂപ ചെലവ് വരുമെന്ന് പതഞ്ജലി അഭിഭാഷകൻ മുകൾ റോഹ്ത്ത?ഗി കോടതിയെ അറിയിച്ചിരുന്നു. എന്നാൽ തെറ്റായ പരസ്യം നൽകുന്നതിന് ഭീമമായ തുക ചെലവാക്കാമെങ്കിൽ ഇതിലും അത് പാലിക്കണമെന്ന് കോടതി പറഞ്ഞു. ഇതിനു പിന്നാലെയായിരുന്നു പുതിയ പരസ്യം നൽകിയത്. ഈ പരസ്യം സംബന്ധിച്ചാണ് കോടതിയുടെ ഇപ്പോഴത്തെ നിരീക്ഷണം.

ഇതിനിടെ, പതഞ്ജലി ഫുഡ്സിന് ജിഎസ്ടി ഇന്റലിജൻസ് വിഭാഗം കാരണം കാണിക്കൽ നോട്ടീസ് അയച്ചു. 27.46 കോടി രൂപയുടെ ജി.എസ്.ടി അടയ്ക്കാത്തതിനാലാണ് കാരണം കാണിക്കൽ നോട്ടീസ് അയച്ചത്. ഡയറക്ടറേറ്റ് ജനറൽ ഓഫ് ജിഎസ്ടി ഇന്റലിജൻസ്, ചണ്ഡീഗഡ് സോണൽ യൂണിറ്റിന്റെ നോട്ടീസ് ലഭിച്ചതായി പതഞ്ജലി ഫുഡ്സ് വ്യക്തമാക്കിയിട്ടുണ്ട്.

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകിയതിന് പിന്നാലെ പതഞ്ജലിയുടെ 14 ഉൽപ്പന്നങ്ങളുടെ ലൈസൻസ് ഉത്തരാഖണ്ഡ് സർക്കാർ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

മനീഷ് സിസോദിയയ്ക്ക് തിരിച്ചടി; മദ്യനയ അഴിമതിക്കേസിൽ ജാമ്യാപേക്ഷ തള്ളി



ന്യൂഡൽഹി: ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെ ജാമ്യാപേക്ഷ തള്ളി. ഡൽഹി റൗസ് അവെന്യൂ കോടതിയാണ് ജാമ്യാപേക്ഷ തള്ളിയത്. ഡൽഹി മദ്യനയ അഴിമതി കേസിൽ സിബിഐ, ഇ ഡി എടുത്ത കേസുകളിൽ ആണ് സിസോദിയ ജാമ്യം തേടിയത്.

സിസോദിയയ്ക്കും കെജ്രിവാളിനുമടക്കം മദ്യനയ അഴിമതിക്കേസിൽ നിർണായക പങ്കുണ്ടെന്നാണ് ഇഡിയുടെ വാദം. സിസോദിയയ്ക്ക് ജാമ്യം നൽകിയാൽ അത് അന്വേഷണത്തെ പ്രതികൂലമായി ബാധിക്കുമെന്ന ഇഡിയുടെ ഭാഗം കണക്കിലെടുത്താണ് കോടതി ഇപ്പോൾ ജാമ്യാപേക്ഷ തള്ളിയിരിക്കുന്നത്.

ജസ്റ്റിസ് കാവേരി ബവേജ അധ്യക്ഷയായ പ്രത്യേക ബെഞ്ചാണ് ജാമ്യാപേക്ഷ പരിഗണിച്ചത്. വിചാരണക്കോടതിയുടെ നടപടിക്കെതിരെ ഡൽഹി ഹൈക്കോടതിയെ സമീപിക്കാനാണ് എഎപിയുടെ തീരുമാനം.

നേരത്തേ സുപ്രിംകോടതിയും സിസോദിയയുടെ ജാമ്യാപേക്ഷ തള്ളിയിരുന്നു. ഇതിന് പിന്നാലെയാണ് വിചാരണ കോടതിയിൽ സിസോദിയ ജാമ്യാപേക്ഷയുമായി എത്തിയത്. കഴിഞ്ഞ വർഷമാണ് ഡൽഹി മദ്യനയ അഴിമതിയിൽ പങ്കുണ്ടെന്ന് ആരോപിച്ച് സിസോദിയയ്ക്കെതിരെ കേസ് എടുക്കുന്നതും ജയിലിലാകുന്നതും. ഒന്നോ രണ്ടോ ദിവസം ഇടക്കാല ജാമ്യം നൽകിയതല്ലാതെ സ്ഥിരം ജാമ്യം കോടതി അനുവദിച്ചിരുന്നില്ല.

ഭരണഘടന മാറ്റാമെന്നത് ബിജെപിയുടെ സ്വപ്നം മാത്രം; അതിൽ തൊടാൻ പോലുമാവില്ല: രാഹുൽ ഗാന്ധി

ന്യൂഡൽഹി: ഭരണഘടനാ മാറ്റവും സംവരണവും ആയി ബന്ധപ്പെട്ട് ബിജെപിക്കും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്കുമെതിരെ ആഞ്ഞടിച്ച് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. തെരഞ്ഞെടുപ്പിൽ വിജയിച്ചാൽ ഭരണഘടന മാറ്റുമെന്ന് ബിജെപി നേതാക്കൾ വ്യക്തമായി പറഞ്ഞിട്ടുണ്ടെന്നും എന്നാലത് അവരുടെ സ്വപ്നം മാത്രമാണെന്നും രാഹുൽ ഗാന്ധി തുറന്നടിച്ചു.

ഭരണഘടന ഇന്ത്യയിലെ പാവപ്പെട്ടവരുടെ ആത്മാവാണെന്നും അദ്ദേഹം വ്യക്തമാക്കി. 'ആർക്കും അതിനെ തൊടാൻ കഴിയില്ല. അത് മാറ്റാൻ ലോകത്ത് ഒരു ശക്തിക്കുമാവില്ല. ബിജെപിക്കാർ സ്വപ്നം കാണുകയാണ്'- അദ്ദേഹം പറഞ്ഞു. മധ്യപ്രദേശിലെ ഭിന്ദിൽ നടന്ന റാലിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

'ബാബാസാഹേബ് അംബേദ്കറും കോൺഗ്രസും ജനങ്ങളും ചേർന്ന് ബ്രിട്ടീഷുകാരോട് പോരാടി ഈ ഭരണഘടന ഉണ്ടാക്കി. ജനങ്ങളുടെ ശബ്ദമാക്കി. ഇത് ഒരിക്കലും മായ്ക്കാൻ ഞങ്ങൾ അനുവദിക്കില്ല. കർഷകരും തൊഴിലാളികളും ഒരിക്കലും അനുവദിക്കില്ല'- അദ്ദേഹം പറഞ്ഞു.

370ലധികം സീറ്റിന്റെ ഭൂരിപക്ഷത്തോടെ തിരിച്ചെത്തിയാൽ ഇന്ത്യൻ ഭരണഘടന മാറ്റാൻ ബിജെപി പദ്ധതിയിടുന്നതായി കോൺഗ്രസും മറ്റ് പ്രതിപക്ഷ പാർട്ടികളും ആരോപിച്ചിരുന്നു. സംവരണ വിഷയത്തിലും രാഹുൽ ഗാന്ധി ബിജെപിയെ കടന്നാക്രമിച്ചു. 'ഇപ്പോൾ അവർ പറയുന്നത് സംവരണത്തിന് എതിരല്ലെന്നാണ് പിന്നെ എന്തിനാണ് പെതുമേഖലയെ, റെയിൽവേയെ സ്വകാര്യവൽക്കരിക്കുന്നത്? എന്തിനാണ് അഗ്നിവീർ കൊണ്ടുവന്നത്'- രാഹുൽ ഗാന്ധി കൂട്ടിച്ചേർത്തു.

രാജ്യസഭയിലും സംസ്ഥാനങ്ങളിലും ഭൂരിപക്ഷം ലഭിച്ചാൽ ഭരണഘടന തിരുത്തുമെന്ന് കർണാടക ബിജെപി എം.പിയും മുൻ കേന്ദ്ര മന്ത്രിയുമായ അനന്ത് കുമാർ ഹെഗ്ഡെ പറഞ്ഞിരുന്നു. ബിജെപിയെ 400 ലധികം സീറ്റുകൾ നേടി ജയിക്കാൻ നിങ്ങൾ സഹായിക്കണമെന്നും ഹാവേരി ജില്ലയിലെ സിദ്ധപുരയിലെ ഹലഗേരി ഗ്രാമത്തിൽ സംസാരിക്കവെ ഹെഗ്ഡെ പറഞ്ഞിരുന്നു.

ഹെഗ്ഡെ അടക്കമുള്ള ബിജെപി എം.പിമാരുടെ ഭരണഘടനയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ വിവാദമായതോടെ, അങ്ങനെയൊന്നും ഉണ്ടാവില്ലെന്ന് വ്യക്തമാക്കി പ്രധാനമന്ത്രി മോദിയും അമിത് ഷായും രംഗത്തെത്തിയിരുന്നു. അംബേദ്കർ വിചാരിച്ചാൽ പോലും ഭരണഘടനയെ തകർക്കാനാവില്ലെന്നു രാജസ്ഥാനിലെ ബാർമറിൽ ബിജെപിയുടെ തെരഞ്ഞെടുപ്പ് റാലിയിൽ മോദി പറഞ്ഞത്.എൻഡിഎ സർക്കാർ ഒരിക്കലും ഭരണഘടനയിൽ മാറ്റങ്ങൾ കൊണ്ടുവരില്ലെന്നും പ്രതിപക്ഷം ഭയപ്പാടോടെ വോട്ടർമാരെ തെറ്റിദ്ധരിപ്പിക്കുകയാണെന്നുമാണ് ഇപ്പോൾ ആഭ്യന്തര മന്ത്രി അമിത് ഷായും പറയുന്നത്. സംവരണവുമായി ബന്ധപ്പെട്ട് അമിത്ഷാ നടത്തിയ പരാമർശം വിവാദമായതിന് പിന്നാലെയായിരുന്നു പ്രതികരണം.

സഹോദരീ ഭർത്താവിനെ കൊന്ന കേസിൽ 27 വർഷം 'സന്യാസി'യായി ഒളിവിൽ; ഒടുവിൽ 77കാരൻ വലയിൽ

ന്യൂഡൽഹി: സഹോദരീ ഭർത്താവിനെ കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിൽ നിന്ന് രക്ഷപെടാൻ 27 വർഷമായി സന്യാസി വേഷത്തിൽ ഒളിവിൽ കഴിഞ്ഞിരുന്ന പ്രതി ഒടുവിൽ വലയിൽ. ഡൽഹി തു?ഗ്ലക്കാബാദ് സ്വദേശി തില്ലു എന്ന രാംദാസ് ആണ് ഉത്തരാഖണ്ഡിലെ ഋഷികേശിൽ നിന്ന് അറസ്റ്റിലായത്. യഥാർഥ പേര് മറച്ചുവച്ച് വിവിധ തീർഥാടന കേന്ദ്രങ്ങളിൽ സന്യാസി ആയി വേഷം മാറി ഒളിവിൽ കഴിയുകയായിരുന്നു ഇയാളെന്ന് ഡൽഹി പൊലീസ് പറഞ്ഞു.

1997 ഫെബ്രുവരി നാലിനായിരുന്നു കേസിനാസ്പദമായ സംഭവം. തു?ഗ്ലക്കാബാദ് എക്സ്റ്റൻഷനിൽ വച്ച് കിഷൻ ലാൽ എന്നയാളെ ഭാര്യാസഹോദരനായ തില്ലുവും രാമു എന്നയാളും ചേർന്ന് കൊലപ്പെടുത്തി. 1997 മെയ് അഞ്ചിന് ഇരുവരേയും പ്രഖ്യാപിത കുറ്റവാളികളായി പ്രഖ്യാപിച്ചു.

കേസിൽ തില്ലു ഒളിവിൽ പോയതിനെ തുടർന്ന് ഇയാളെ കണ്ടെത്താൻ പ്രത്യേക പൊലീസ് സംഘത്തെ ചുമതലപ്പെടുത്തിയതായി ഡെപ്യൂട്ടി പൊലീസ് കമ്മീഷണർ (ക്രൈംബ്രാഞ്ച്) അമിത് ഗോയൽ പറഞ്ഞു. 'പൊലീസ് സംഘം കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും കുടുംബാംഗങ്ങളുടെയും അടുത്ത ബന്ധുക്കളുടേയും മൊബൈൽ നമ്പരുകളടക്കം പരിശോധിച്ചുവരികയും ചെയ്തു'.

പരിശോധനയിൽ, ഒരു മൊബൈൽ നമ്പർ ഇടയ്ക്കിടെ സ്ഥലം മാറുന്നത് ശ്രദ്ധയിൽപ്പെട്ടു. ഇയാളുടെ ലൊക്കേഷൻ കൂടുതലും ഉത്തരാഖണ്ഡിലെ ഹരിദ്വാറിലും ഋഷികേശിലുമുള്ള ആരാധനാലയങ്ങൾക്ക് സമീപമായിരുന്നുവെന്നും ഡിസിപി പറഞ്ഞു. 'പ്രതി ഒരു സന്യാസിയുടെ വേഷത്തിൽ ക്ഷേത്രങ്ങൾ സന്ദർശിക്കുകയും രാജ്യത്തുടനീളമുള്ള വിവിധ ധർമശാലകളിൽ താമസിക്കുകയുമായിരുന്നു'.

'2023ൽ കന്യാകുമാരിയിലായിരുന്നു ഇയാൾ. പിന്നീട് ഒഡീഷയിലെ ജഗന്നാഥപുരിയിലേക്ക് മാറിയതിനാൽ കണ്ടെത്താനായില്ല. എന്നാൽ പിന്നീട് ഉത്തരാഖണ്ഡിലെ ഋഷികേശിലേക്ക് പോയി. ഋഷികേശിലുണ്ടെന്ന് വ്യക്തമായതിനെ തുടർന്ന് പൊലീസ് സംഘം ഇവിടെ എത്തുകയും മൂന്ന് ദിവസം തുടർച്ചയായി വളണ്ടിയർമാരായി പ്രവർത്തിക്കുകയും ഇതിനിടെ തില്ലുവിനെ തിരിച്ചറിയുകയും പിടികൂടുകയുമായിരുന്നു'- ഡിസിപി കൂട്ടിച്ചേർത്തു.

വോട്ട് ജിഹാദ് പരാമർശം; കോൺഗ്രസ് നേതാവ് സൽമാൻ ഖുർഷിദിനും എസ്പി നേതാവ് മറിയ ആലമിനുമെതിരെ കേസ്

ന്യൂഡൽഹി: ബിജെപി സർക്കാരിനെ പരാജയപ്പെടുത്താൻ നിലവിലെ സാഹചര്യത്തിൽ വോട്ട് ജിഹാദ് വേണമെന്ന പരാമർശത്തിൽ കോൺഗ്രസ് നേതാവ് സൽമാൻ ഖുർഷിദിനും എസ്പി നേതാവ് മറിയ ആലം ഖാനുമെതിരെ കേസെടുത്ത് പൊലീസ്. യു.പിയിലെ ഫറൂഖാബാദിലെ തെരഞ്ഞെടുപ്പ് റാലിയിൽ മറിയ ആലം ഖാനാണ് വിവാദ പരാമർശം നടത്തിയത്. സൽമാൻ ഖുർഷിദ് ആയിരുന്നു പരിപാടിയിലെ മുഖ്യാതിഥി.

ഖുർഷിദിന്റെ അനന്തരവളാണ് മറിയ ആലം. 'ബുദ്ധിയോടെ, വൈകാരികമായല്ലാതെ നിശബ്ദമായി നമുക്ക് ഒരുമിച്ച് വോട്ട് ജിഹാദ് ചെയ്യേണ്ടതുണ്ട്. ഈ സംഘി സർക്കാരിനെ തുരത്താൻ നമുക്ക് മുന്നിൽ വോട്ട് ജിഹാദ് മാത്രമേ വഴിയുള്ളൂ. നമുക്ക് കൈകോർക്കേണ്ട സമയമാണിത്. അല്ലാത്തപക്ഷം നമ്മുടെ അസ്തിത്വം തുടച്ചുനീക്കുന്നതിൽ ഈ സംഘി സർക്കാർ വിജയിക്കും'- എന്നായിരുന്നു മറിയ ആലമിന്റെ പരാമർശം. ഇൻഡ്യ മുന്നണി സ്ഥാനാർഥി നവൽ കിഷോർ ശാക്യ കൈംഗഞ്ചിന്റെ തെരഞ്ഞെടുപ്പ് പ്രചരണത്തിനിടെയായിരുന്നു മറിയ ആലമിന്റെ വാക്കുകൾ. 'ഭരണഘടനയും ജനാധിപത്യവും ഭീഷണിയിലാണെന്ന് ആളുകൾ പറയുന്നു. എന്നാൽ ഞാൻ പറയുന്നത് മാനവികത ഭീഷണിയിലാണ് എന്നാണ്. ഇപ്പോൾ മാനവികതയ്ക്കു നേരെ ആക്രമണം നടക്കുന്നു. നിങ്ങൾക്ക് രാജ്യത്തെയും അതിന്റെ സൗന്ദര്യത്തെയും ഗംഗ- യമുന സംസ്കാരത്തേയും സംരക്ഷിക്കണമെങ്കിൽ ആരുടെയും സ്വാധീനത്തിൽ പെടാതെ വളരെ ബുദ്ധിപരമായി വോട്ട് ചെയ്യുക'- അവർ വിശദമാക്കി.വീഡിയോ വൈറലായതിന് പിന്നാലെ മറിയ ആലമിനും സൽമാൻ ഖുർഷിദിനുമെതിരെ ഫറൂഖാബാദ് പൊലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്യുകയായിരുന്നു. ഇരുവർക്കുമെതിരെ ഐപിസി 188, 295 (എ) എന്നീ വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തത്. ഇതോടൊപ്പം തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം ലംഘിച്ചു എന്ന കുറ്റവും ചുമത്തിയിട്ടുണ്ട്.അതേസമയം, മറിയ ആലം നടത്തിയ പരാമർശങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ, ആ വാക്കിന്റെ അർഥം തെറ്റായി വ്യാഖ്യാനിക്കപ്പെടുകയായിരുന്നു എന്ന് സൽമാൻ ഖുർഷിദ് പറഞ്ഞു.

'ജിഹാദ് എന്നാൽ ഒരു സാഹചര്യത്തിനെതിരെ പോരാടുക എന്നാണ്. ഭരണഘടന സംരക്ഷിക്കാൻ വോട്ട് ജിഹാദ് നടത്തുക എന്നതായിരിക്കണം അവർ ഉദ്ദേശിച്ചത്'- ഖുർഷിദിനെ ഉദ്ധരിച്ച് വാർത്താ ഏജൻസിയായ പിടിഐ റിപ്പോർട്ട് ചെയ്തു.

പൂനെ റെയിൽവേ സ്റ്റേഷനിൽ നി

തുടക്കത്തിൽ വിക്കറ്റ് പോയതാണ് തിരിച്ചടി ആയത് എന്ന് ഹാർദിക്

ഇന്ന് തുടക്കത്തിൽ വിക്കറ്റുകൾ പോയതാണ് മുംബൈ ഇന്ത്യൻസിന് തിരിച്ചടിയായത് എന്ന് ഹാർദിക് പാണ്ഡ്യ. ലഖ്നൗവിന് എതിരെ 27-4 എന്ന രീതിയിൽ മുംബൈ ഇന്ത്യന തകർന്നിരുന്നു. ഹാർദിക് പാണ്ഡ്യ, സൂര്യകുമാർ, രോഹിത് എന്നിവരെല്ലാം പവർപ്ലേയിൽ തന്നെ ഇന്ന് പുറത്തായിരുന്നു. അതുകൊണ്ട് തന്നെ വലിയ സ്കോറിലേക്ക് ഹാർദികിന്റെ ടീമിന് എത്താൻ ആയിരുന്നില്ല.

"നേരത്തെ വിക്കറ്റുകൾ നഷ്ടമായാൽ അതിൽ നിന്ന് കരകയറാൻ ബുദ്ധിമുട്ടാണെന്ന് ഞാൻ കരുതുന്നു, അതാണ് ഞങ്ങൾക്ക് ഇന്ന് റിക്കവർ ആകാൻ ഇരുന്നത്.

ഞങ്ങൾ പന്ത് കൂടുതൽ നോക്കണമായിരുന്നു. അത് ചെയ്തില്ല. പെട്ടെന്ന് തന്നെ വിക്കറ്റുകളയുകയും ചെയ്തു." ഹാർദിക് പറഞ്ഞു.'

'ഇതുവരെയുള്ള സീസൺ ഇങ്ങനെ ആയിരുന്നു. ഞങ്ങൾ തിരിച്ചുവരുമെന്ന് ഞാൻ എപ്പോഴും വിശ്വസിക്കുന്നു, ഞങ്ങൾ എല്ലാം നൽകണം. ഈ ഗെയിമിൽ നിന്ന് ഒരുപാട് കാര്യങ്ങൾ പഠിക്കാനുണ്ട്." ഹാർദിക് കൂട്ടിച്ചേർത്തു.

മുംബൈ ഇന്ത്യൻസ് താരം ഇഷാൻ കിഷൻ പുറത്തായപ്പോൾ ലക്നൗ താരങ്ങളുടെ ആഹ്ലാദം

സ്മിത്തും ഫ്രേസർ-മക്ഗർഗും ഇല്ല, ഓസ്ട്രേലിയ ലോകകപ്പ് ടീം പ്രഖ്യാപിച്ചു

ഓസ്ട്രേലിയ ടി20 ലോകകപ്പിനായുള്ള സ്ക്വാഡ് പ്രഖ്യാപിച്ചു. സ്റ്റീവ് സ്മിത്ത്, യുവ ബാറ്റിംഗ് സെൻസേഷൻ ജേക്ക് ഫ്രേസർ-മക്ഗർക്ക് എന്നിവർ ടീമിൽ ഇല്ല. പരിചയസമ്പന്നനായ സീമർ ജേസൺ ബെഹ്ൻഡോർഫ്, ഓൾറൗണ്ടർ മാറ്റ് ഷോർട്ട് എന്നിവരും തഴയപ്പെട്ടു. ഈ സീസൺ ഐപി എല്ലിൽ ഉൾപ്പെടെ മികച്ച പ്രകടനം കാഴ്ചവെക്കുന്ന യുവ താരം മക്ഗർക്ക് ടീമിൽ ഉണ്ടാകും എന്നായിരുന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നത്.

മിച്ചൽ മാർഷ് ആണ് ക്യാപ്റ്റൻ. ഓൾറൗണ്ടർമാരായ മാർക്കസ് സ്റ്റോയിനിസും കാമറൂൺ ഗ്രീനും ടീമിൽ ഇടം നേടിയിട്ടുണ്ട്. ഇംഗ്ലണ്ട്, നമീബിയ, സ്കോട്ട്ലൻഡ്, ഒമാൻ എന്നിവർക്ക് ഒപ്പം ഗ്രൂപ്പ് ബിയിലാണ് ലോകകപ്പിൽ ഓസ്ട്രേലിയ കളിക്കുന്നത്. ജൂൺ 5 ന് ബാർബഡോസിൽ ഒമാനെതിരെ ആണ് ഓസ്ട്രേലിയയുടെ ആദ്യ മത്സരം.

മാഞ്ചസ്റ്റർ യുണൈറ്റഡിൽ തുടരാൻ തന്നെയാണ് ആഗ്രഹം: ബ്രൂണോ

മാഞ്ചസ്റ്റർ യുണൈറ്റഡിൽ തുടരാൻ ആണ് ആഗ്രഹം എന്ന് വ്യക്തമാക്കി മാഞ്ചസ്റ്റർ യുണൈറ്റഡ് ക്യാപ്റ്റൻ ബ്രൂണോ ഫെർണാണ്ടസ്. ക്ലബ് വിടുന്നതിനെ കുറിച്ച് ഒരു ചിന്തയും ഇപ്പോൾ ഇല്ല എന്ന് ക്ലബിന്റെ ഏറ്റവും പ്രധാന താരം പറഞ്ഞു.

"ഞാൻ ഇപ്പോൾ മറ്റ് കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നില്ല. ക്ലബിൽ തുടരുക എന്നത് എന്നെ മാത്രം ആശ്രയിക്കുന്ന കാര്യമല്ല, അല്ലേ? ഒരു കളിക്കാരൻ എന്ന നിലയിൽ എപ്പോഴും ഇവിടെ ഉണ്ടായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, എന്നാൽ അതേ സമയം ഞാൻ തുടരണമെന്ന് ക്ലബും ആഗ്രഹിക്കണം. ഇപ്പോൾ, അത് ഇരുവശത്തും ഈ ആഗ്രഹം ഉണ്ടെന്ന് എനിക്ക് തോന്നുന്നു." ബ്രൂണോ പറഞ്ഞു.

"പ്രീമിയർ ലീഗിൽ തുടരുന്നില്ലെന്ന് എനിക്ക് ചിന്തിക്കേണ്ടി വന്നാൽ പോലും, അത് യൂറോയ്ക്ക് ശേഷമായിരിക്കും, കാരണം ഇപ്പോൾ എഫ്എ കപ്പ് ഫൈനലിലും അതു കഴിഞ്ഞ് യൂറോ കപ്പിലും ആയിരിക്കും എന്റെ ശ്രദ്ധ. ആ മത്സരങ്ങളിൽ നിന്നും എന്റെ ശ്രദ്ധ മാറ്റാൻ ഒന്നിനും കഴിയില്ല. യൂറോ, ഇപ്പോൾ അതിനേക്കാൾ പ്രധാനമായി ഒന്നും തനിക്കില്ല." ബ്രൂണോ പറഞ്ഞു.

തോറ്റ് മുംബൈ ഇന്ത്യൻസ്; ലക്നൗവിന് നാല് വിക്കറ്റിന്റെ ജയം

ലക്നൗ: ചെറിയ വിജയ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ ഇടയ്ക്കൊന്നു പതറിയെങ്കിലും വിജയം കൈപ്പിടിയിലൊതുക്കി ലക്നൗ സൂപ്പർ ജയന്റ്സ്. മുംബൈ ഇന്ത്യൻസിനെതിരെ നാല് വിക്കറ്റിനാണ് ലക്നൗവിന്റെ ജയം. മുംബൈ ഉയർത്തിയ 145 റൺസ് വിജയലക്ഷ്യം 19.2 ഓവറിലാണ് ലക്നൗ മറികടന്നത്. അർധസെഞ്ചറി നേടിയ മാർക്കസ് സ്റ്റോയിനിസ് (45 പന്തിൽ 62), ക്യാപ്റ്റൻ കെ.എൽ.രാഹുൽ (22 പന്തിൽ 28) എന്നിവരുടെ ബാറ്റിങ്ങാണ് ലക്നൗ വിജയത്തിൽ നിർണായകമായത്. ഇതോടെ പത്തു മത്സരങ്ങളിൽ നിന്ന് 12 പോയിന്റുമായി ലക്നൗ മൂന്നാം സ്ഥാനത്തായി. സീസണിലെ മുംബൈയുടെ ഏഴാം തോൽവിയാണിത്; തുടർച്ചയായ മൂന്നാം തോൽവിയും.

മറുപടി ബാറ്റിങ്ങിൽ, ആദ്യ ഓവറിന്റെ നാലാം പന്തിൽ തന്നെ ഓപ്പണർ ആർഷിൻ കുൽക്കർണിയെ (പൂജ്യം) പുറത്താക്കി നുവാൻ തുഷാര ലക്നൗവിന് ആദ്യ പ്രഹരമേൽപ്പിച്ചു. എന്നാൽ രണ്ടാം വിക്കറ്റിൽ രാഹുൽ സ്റ്റോയിനിന് സഖ്യം ലക്നൗവിനെ പതറാതെ മുന്നോട്ടു നയിച്ചു. ഇരുവരും ചേർന്ന് 58 റൺസ് കൂട്ടിച്ചേർത്തു. എട്ടാം ഓവറിലാണ് രാഹുൽ പുറത്തായത്. ഇതിനുശേഷം സ്റ്റോയിനിന് പൂർണമായും ഉത്തരവാദിത്വം ഏറ്റെടുത്തു. രണ്ടു സിക്സും ഏഴു ഫോറും അടങ്ങുതായിരുന്നു സ്റ്റോയിനിസിന്റെ ഇന്നിങ്സ്.

എന്നാൽ അടുത്തടുത്ത ഓവറിൽ ദീപക് ഹൂഡയും (18 പന്തിൽ 18) സ്റ്റോയിനിസും പുറത്തായതോടെ ലക്നൗ പതറി. ക്രീസിലെത്തിയ നിക്കോളസ് പുരാൻ (14 പന്തിൽ 14*), ആഷ്ടൺ ടർണർ (9 പന്തിൽ 5) എന്നിവർ റൺസ് കണ്ടെത്താൻ വിഷമിച്ചതാണ് ലക്നൗവിനെ കുഴക്കിയത്. ടർണറും പിന്നീടെത്തിയ ആയുഷ് ബദോനിയും (6 പന്തിൽ 6) പെട്ടെന്ന് മടങ്ങിയതോടെ ലക്നൗ അപകടം മണത്തു. എന്നാൽ അവസാന ഓവറിൽ ക്രുണാൽ പാണ്ഡ്യയെ (1 പന്തിൽ 1*) കൂട്ടുപിടിച്ച് പുരാൻ ലക്നൗവിനെ വിജയത്തിലെത്തിക്കുകയായിരുന്നു.

ന്ന എറിഞ്ഞിട്ട് ലക്നൗടന്റി20 ലോകകപ്പിൽ ഇന്ത്യൻ ടീമിന്റെ ക്യാപ്റ്റനും വൈസ് ക്യാപ്റ്റനും അടങ്ങുന്ന മുംബൈ ഇന്ത്യൻസ് ബാറ്റിങ് നിരയെ ലോകകപ്പ് ടീം പ്രഖ്യാപിച്ച ദിവസം തന്നെ എറിഞ്ഞിട്ട് ടീമിലിടം ലഭിക്കാത്ത കെ.എൽ.രാഹുലിന്റെ നേതൃത്വത്തിലുള്ള ലക്നൗ സൂപ്പർ ജയന്റ്സ്. മത്സരത്തിൽ ആദ്യം ബാറ്റു ചെയ്ത മുംബൈയ്ക്ക് നിശ്ചിത 20 ഓവറിൽ ഏഴു വിക്കറ്റ് നഷ്ടത്തിൽ 144 റൺസെടുക്കാനെ സാധിച്ചുള്ളൂ.

നേഹൽ വധേര (41 പന്തിൽ 46), ടിം ഡേവിഡ് (18 പന്തിൽ 35*), ഇഷാൻ കിഷൻ (36 പന്തിൽ 32) എന്നിവർ മാത്രമാണ് മുംബൈ നിരയിൽ അൽപമെങ്കിലും പിടിച്ചുനിന്നത്. ലക്നൗവിനായി മുഹ്സിൻ ഖാൻ രണ്ടു വിക്കറ്റ് വീഴ്ത്തിയപ്പോൾ മാർക്കസ് സ്റ്റോയിനിസ്, നവീൻ ഉൾഹഖ്, മായങ്ക് യാദവ്, രവി ബിഷ്ണോയ് എന്നിവർ ഓരോ വിക്കറ്റ് വീതം വീഴ്ത്തി.

ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിറങ്ങിയ മുംബൈയ്ക്ക് ഇന്നിങ്സിന്റെ രണ്ടാം ഓവറിൽ തന്നെ ഓപ്പണർ രോഹിത് ശർമയെ (5 പന്തിൽ 4) നഷ്ടപ്പെട്ടു. ലോകകപ്പ് ടീമിന്റെ ക്യാപ്റ്റൻ പുറത്തായതിനു പിന്നാലെയെത്തിയത് മറ്റൊരു ലോകകപ്പ് താരമായ സൂര്യകുമാർ യാദവ്. ഒരു സിക്സർ അടിച്ചെങ്കിലും മൂന്നാം ഓവറിൽ സൂര്യകുമാറിനെ സ്റ്റോയിനിസ് രാഹുലിന്റെ കൈകളിൽ എത്തിച്ചു.ആറു പന്തിൽ 10 റൺസായിരുന്നു സൂര്യകുമാറിന്റെ സമ്പാദ്യം. പിന്നാലെയത്തിയ തിലക് വർമ (11 പന്തിൽ 7) റണ്ണൗട്ടായി. തൊട്ടടുത്ത പന്തിൽ തന്നെ ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യ സംപൂജ്യനായി മടങ്ങി. ലോകകപ്പ് ടീമിന്റെ വൈസ് ക്യാപ്റ്റനായി പ്രഖ്യാപിച്ച ദിവസം ഗോൾഡൻ ഡക്കായി മടങ്ങാനായിരുന്നു ഹാർദിക്കിന്റെ വിധി.

പവർപ്ലേ അവസാനിക്കുമ്പോൾ 28ന് 4 എന്ന ദയനീയ സ്ഥിതിയിലായിരുന്നു മുംബൈ. ഈ ഐപിഎൽ സീസണിലെ തന്നെ ഏറ്റവും ചെറിയ രണ്ടാമത്തെ പവർപ്ലേ സ്കോറാണിത്. ഹൈദരാബാദിനെതിരെ പഞ്ചാബ് കുറിച്ച് 27/3 ആണ് സീസണിലെ ഏറ്റവും ചെറിയ പവർപ്ലേ സ്കോർ. അഞ്ചാം വിക്കറ്റിൽ ഇഷാൻ കിഷൻ നേഹൽ വധേര കൂട്ടുകെട്ടാണ് മുംബൈയെ കരകയറ്റിയത്. ഇരുവരും ചേർന്ന് 53 റൺസ് കൂട്ടിച്ചേർത്തു. 14ാം ഓവറിൽ ഇഷാനെ പുറത്താക്കി ബിഷ്ണോയ് ആണ് കൂട്ടുകെട്ട് പൊളിച്ചത്. ഇതിനുശേഷമെത്തിയ ടിം ഡേവിഡ് ആണ് മുംബൈ നിരയിൽ കുറച്ചെങ്കിലും ആക്രമിച്ചു കളിച്ചത്. 18ാം ഓവറിൽ വധേര, 19ാം ഓവറിൽ മുഹമ്മദ് നബി (2 പന്തിൽ 1) എന്നിവരുടെ വിക്കറ്റ് കൂടി മുംബൈയ്ക്ക് നഷ്ടമായി. ജെറാൾഡ് കോട്ട്സെ (2 പന്തിൽ 1*) പുറത്താകാതെ നിന്നു.

സഞ്ജു സാംസൺ ട്വന്റി20 ലോകകപ്പ് ടീമിൽ, വൈസ് ക്യാപ്റ്റനായി പാണ്ഡ്യ

മുംബൈ: ടന്റി20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. മലയാളി താരം സഞ്ജു സാംസൺ വിക്കറ്റ് കീപ്പറായി ലോകകപ്പിൽ കളിക്കും. ഋഷഭ് പന്തും വിക്കറ്റ് കീപ്പറായി തന്നെ ലോകകപ്പ് ടീമിലുണ്ട്. രോഹിത് ശർമ നയിക്കുന്ന ടീമിൽ ഹാർദിക് പാണ്ഡ്യയാണു വൈസ് ക്യാപ്റ്റൻ.

സീനിയർ താരം കെ.എൽ. രാഹുലിനെ ടീമിൽനിന്ന് ഒഴിവാക്കി. റിസർവ് താരങ്ങളായി ശുഭ്മൻ ഗിൽ, ഖലീൽ അഹമ്മദ്, റിങ്കു സിങ്, ആവേശ് ഖാൻ എന്നിവരും ഇന്ത്യൻ ടീമിനൊപ്പമുണ്ടാകും. എക്സ് പ്ലാറ്റ്ഫോമിലാണ് ബിസിസിഐ ടീമിനെ പ്രഖ്യാപിച്ചത്. ജൂൺ രണ്ടിനാണ് ടന്റി20 ലോകകപ്പ് മത്സരങ്ങൾ ആരംഭിക്കുന്നത്. ജൂൺ അഞ്ചിന് അയർലൻഡിനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.

2015 ജൂലൈയിൽ സിംബാബ്‌വെയ്ക്കെതിരെയാണ് സഞ്ജു സാംസൺ ഇന്ത്യയ്ക്കായി ടന്റി20യിൽ അരങ്ങേറ്റിയത്. ഇതുവരെ 25 രാജ്യാന്തര മത്സരങ്ങളിൽനിന്നായി 374 റൺസ് താരം നേടിയിട്ടുണ്ട്. ഐപിഎല്ലിൽ വർഷങ്ങളോളം തിളങ്ങിയിട്ടും ഐസിസിയുടെ ഒരു പരമ്പരയിലും ടീം ഇന്ത്യ സഞ്ജുവിനെ കളിപ്പിച്ചിരുന്നില്ല. 2024 ഐപിഎല്ലിൽ ഒൻപതു മത്സരങ്ങളിൽനിന്ന് 385 റൺസ് താരം നേടിയിട്ടുണ്ട്. പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനക്കാരാണ് രാജസ്ഥാൻ റോയൽസ്.

ഇന്ത്യൻ ടീം രോഹിത് ശർമ (ക്യാപ്റ്റൻ), യശസ്വി ജയ്സ്വാൾ, വിരാട് കോലി, സൂര്യകുമാർ യാദവ്, ഋഷഭ് പന്ത് (വിക്കറ്റ് കീപ്പർ), സഞ്ജു സാംസൺ (വിക്കറ്റ് കീപ്പർ), ഹാർദിക് പാണ്ഡ്യ, ശിവം ദുബെ, രവീന്ദ്ര ജഡേജ, അക്ഷർ പട്ടേൽ, കുൽദീപ് യാദവ്, യുസ്വേന്ദ്ര ചെഹൽ, അർഷ്ദീപ് സിങ്, ജസ്പ്രീത് ബുമ്ര, മുഹമ്മദ് സിറാജ്.

ലോകത്തിൽ ഏറ്റവും കൂടുതൽ പുകയില ഉപയോഗിക്കുന്നവരിൽ ഇന്ത്യ രണ്ടാം സ്ഥാനത്ത്; റിപ്പോർട്ട്

ലോകത്തിൽ ഏറ്റവും കൂടുതൽ പുകയില ഉപയോഗിക്കുന്നവരിൽ 27 ശതമാനം ഇന്ത്യയിൽ നിന്നെന്ന് പുതിയ പഠന റിപ്പോർട്ട്. കെ.പി.എം.ജി അഷ്വറൻസ് ആൻഡ് കൺസൾട്ടിങ് സർവീസസ് എൽ.എൽ.പി (ഗജ്ജങ്ങഏ അന്യൈമിരല മിറ ഇീഔഹ ശേഴ ടല്യ്ശരലക ഘഘജ) യും ഇ.ടി എഡ്ജ് (ഋറ ഋറഴല)മായി സഹകരിച്ച് അടുത്തിടെ പുറത്തിറക്കിയ റിപ്പോർട്ടിലാണ് വിവരങ്ങൾ പുറത്തു വിട്ടത്. 2060 ഓടെ ആഗോളതലത്തിൽ പുകയില സംബന്ധമായ രോഗങ്ങൾ മൂലമുള്ള മരണങ്ങളിൽ 50 ശതമാനം കുറവുണ്ടാകുമെന്ന് പഠനത്തിൽ പറയുന്നു.

2019ൽ ആഗോളതലത്തിൽ ഏഴ് ദശലക്ഷത്തിലധികം പുകയില മരണങ്ങൾ സംഭവിച്ചു എന്നാൽ ഇതിൽ ഇന്ത്യയിൽ മാത്രം 1.35 ദശലക്ഷം മരണങ്ങളും ഉണ്ടായതായി റിപ്പോർട്ട് വെളിപ്പെടുത്തുന്നു.സർവേ പ്രകാരം 66 ശതമാനം പേരും 20-25 വയസിനിടയിൽ പുകയില ഉപയോഗിക്കാൻ തുടങ്ങിയവരാണ്. ഇതിൽ 45 ശതമാനം പേർ പുകവലി ഉപേക്ഷിക്കാൻ കഴിയാത്തവരാണ്. ഉപയോഗിക്കുന്ന പുകയിലയുടെ എട്ട് ശതമാനം മാത്രമാണ് നിയമപരമായി ഉൽപ്പാദിപ്പിക്കുന്ന സിഗരറ്റിൽ നിന്നുള്ളതെന്നും ബാക്കിയുള്ള 92 ശതമാനം വിലകുറഞ്ഞ പുകയില ഉൽപന്നങ്ങളായ ബീഡികൾ, ച്യൂയിങ് പുകയില, ഖൈനി എന്നിവയാണെന്നും പഠനത്തിൽ പറയുന്നു. സ്ട്രെസ്, ഉത്കണ്ഠയുമൊക്കെയാണ് പുകയില ഉപയോഗത്തിന് പ്രധാന കാരണമെന്ന് പഠനം ചൂണ്ടി കാണിക്കുന്നു.

പുകയില ഉപഭോഗം നിയന്ത്രിക്കുന്നതിനും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുമായി കർശന നിയന്ത്രണങ്ങളാണ് ഇന്ത്യ നടപ്പിലാക്കുന്നത്. പുകയില ഉൽപന്നങ്ങളുടെ ഉൽപ്പാദനം, വിൽപന, ഉപഭോഗം എന്നിവ നിയന്ത്രിച്ച് പുകവലിയിൽ നിന്ന് സംരക്ഷിക്കാനും ലക്ഷ്യമിട്ട് ലോകാരോഗ്യ സംഘടന നിർദേശിച്ചിട്ടുള്ള പുകയില നിയന്ത്രണ നിയമങ്ങൾ നടപ്പാക്കാൻ ഒരുങ്ങുകയാണ് ഇന്ത്യ. പുകയില ഉൽപന്നങ്ങളിൽ വിഷവസ്തുക്കളും മറ്റും പരിശോധിക്കുന്നതിന് നിരവധി നടപടികളും ഇന്ത്യ കൈക്കൊണ്ടിട്ടുണ്ട്.

പുകയില ഉപഭോഗം നിയന്ത്രിക്കുന്നതിനും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടുള്ള കർശന നിയന്ത്രണങ്ങൾ ഇന്ത്യ നടപ്പിലാക്കുന്നുണ്ട്. പുകയില ഉൽപന്നങ്ങളുടെ ഉൽപ്പാദനം, വിൽപന, ഉപഭോഗം എന്നിവ നിയന്ത്രിച്ച് പുകവലിയിൽ നിന്ന് സംരക്ഷിക്കാനും ലക്ഷ്യമിട്ട് ലോകാരോഗ്യ സംഘടന നിർദേശിച്ചിട്ടുള്ള പുകയില നിയന്ത്രണ നിയമങ്ങൾ നടപ്പാക്കാൻ ഒരുങ്ങുകയാണ് രാജ്യം. പുകയില ഉൽപന്നങ്ങളിലെ വിഷവസ്തുക്കളും മറ്റും പരിശോധിക്കുന്നതിന് നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

വിനീഷ്യസിന് ഇരട്ട ഗോൾ, ബയേണെ സമനിലയിൽ പിടിച്ച് റയൽ

യുവേഫ ചാമ്പ്യൻസ് ലീഗ് സെമിഫൈനലിന്റെ ആദ്യപാദത്തിൽ റയൽ മാഡ്രിഡ് ബയേണെ അവരുടെ ഹോം ഗ്രൗണ്ടിൽ സമനിലയിൽ പിടിച്ചു. മ്യൂണിക്കൽ നടന്ന ആവേശകരമായ മത്സരത്തിൽ 2-2 എന്ന സ്കോറിലാണ് ഇരു ടീമുകളും പിരിഞ്ഞത്. ഇന്ന് ആദ്യ ആദ്യപകുതിയിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിച്ത് ബയേൺ ആയിരുന്നു എങ്കിലും കിട്ടിയ അവസരം മുതലാക്കിയത് റയൽ മാഡ്രിഡ് ആയിരുന്നു.

തുടക്കത്തിൽ ലിരോയ് സാനെയും ഹാരി കെയ്നും ഗോളിന് അടുത്ത് എത്തിയെങ്കിലും ലൂനിനെ കീഴ്പെടുത്തി കൊണ്ട് ഒരു ഗോൾ നേടാൻ അവർക്ക് ആയില്ല. മത്സരത്തിന്റെ ഇരുപത്തിനാലാം മിനിറ്റിൽ ടോണി ക്രൂസ് നൽകിയ ഒരു മികച്ച പാസ് കൈക്കലാക്കു കൊണ്ട് വിനീഷ്യസ് ജൂനിയർ റയൽ മാഡ്രിഡിനെ മുന്നിലെത്തിച്ചു. അവരുടെ ആദ്യ പകുതിയിലെ ഏക ഷോട്ട് ഓൺ ടാർഗറ്റ് ഇതായിരുന്നു.

രണ്ടാം പകുതിയിൽ ശക്തമായി കളിയിലേക്ക് തിരികെവരാർ ബയേണായി. 53ആം മിനുട്ടിൽ ഒരു മികച്ച റണ്ണിലൂടെ ലിരോയ് സാനെ ബയേണ് സമനില നൽകി. സ്കോർ 1-1. ഈ ഗോൾ വന്നു മൂന്ന് മിനുട്ടുകൾക്ക് അകം ബയേണ് അനുകൂലമായി ഒരു പെനാൾട്ടിയും ലഭിച്ചു ഹാരി കെയ്ൻ ആ പെനാൾട്ടി അനായാസം ലക്ഷ്യത്തിൽ എത്തിച്ചു. സ്കോർ 2-1. കെയ്നിന്റെ ഈ സീസൺ ചാമ്പ്യൻസ് ലീഗിലെ എട്ടാം ഗോളായിരുന്നു ഇത്.

മത്സരത്തിന്റെ 84ആം മിനുട്ടിൽ വിനീഷ്യസ് ജൂനിയറിലൂടെ റയൽ മാഡ്രിഡ് സമനില നേടി. ഒരു പെനാൾട്ടിയിൽ നിന്നായിരുന്നു ഈ ഗോൾ. സ്കോർ 2-2

ഇനി അടുത്ത ആഴ്ച രണ്ടാം പാദ സെമി മാഡ്രിഡിൽ വെച്ച് നടക്കും.

ടി-20 ലോകകപ്പ് സ്ക്വാഡ് പുറത്തുവിട്ട് സൗത്ത് ആഫ്രിക്ക

2024ലെ ഐ.സി.സി ടി-20 ലോകകപ്പിനുള്ള 15 അംഗ ടീമിനെ സൗത്ത് ആഫ്രിക്ക പ്രഖ്യാപിച്ചു. എയ്ഡൻ മർക്രമാണ് പ്രോട്ടിയാസിനെ നയിക്കുന്നത്. വെസ്റ്റ് ഇൻഡീസിലും യു.എസ്.എയിലുമായി ജൂൺ ഒന്ന് മുതലാണ് ടി-20 ലോകകപ്പ് നടക്കാനിരിക്കുന്നത്.നിലവിൽ 2024 ഇന്ത്യൻ പ്രീമിയർ ലീഗിൽ കളിക്കുകയാണ് സൗത്ത് ആഫ്രിക്കയുടെ പ്രധാന താരങ്ങൾ. സൺറൈസേഴ്സ് ഹൈദരാബാദിനായിട്ടാണ് പ്രോട്ടിയാസ് ക്യാപ്റ്റൻ എയ്ഡൻ മാർക്രം കളിക്കുന്നത്.ക്വിന്റൺ ഡി കോക്കും ഹെന്റിച്ച് ക്ലാസനുമാണ് സൗത്ത് ആഫ്രിക്കയുടെ പവർ ബാറ്റർമാർ. മന്ദഗതിയിലുള്ളതും സ്പിന്നിന് മികച്ചതുമായ ട്രാക്കുകളിൽ തന്റെ കഴിവുകൾ പ്രകടിപ്പിക്കാൻ കേശവ് മഹാരാജിനും അവസരം ലഭിച്ചിട്ടുണ്ട്. തബ്രായിസ് ഷംസിയാണ് ടീമിലെ മറ്റൊരു സ്പെഷ്യലിസ്റ്റ് സ്പിന്നർ.2024 ഐ.സി.സി ടി-20 ലോകകപ്പിനുള്ള സൗത്ത് ആഫ്രിക്കൻ ടീം: എയ്ഡൻ മാർക്രം (ക്യാപ്റ്റൻ), ഒട്ടണിയൽ ബാർട്മാൻ, ജെറാൾഡ് കോട്സി, ക്വിന്റൺ ഡി കോക്ക്, ജോൺ ഫോർച്യൂയിൻ, റീസ ഹെൻഡ്രിക്സ്, മാർക്കോ യാൻസെൻ, ഹെന്റിച്ച് ക്ലാസൻ, കേശവ് മഹാരാജ്, ഡേവിഡ് മില്ലർ, അന്റിച്ച് നോർജ്ജ, കഗിസോ റബാദ, റയാൻ റിക്കൽട്ടൺ, തബ്രായിസ് ഷംസി, ട്രിസ്റ്റൻ സ്റ്റബ്സ് ട്രാവലിങ് റിവേഴ്സ് നാന്ദ്രെ ബർഗർ, ലുങ്കി എൻഗിടി.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.